# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP6-735/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 08/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കരകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP6-735/2022 തീയ്യതി: 08/06/2022

## തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 29-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 08-03-2022 | 17-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-03-2022 | 17-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ
ശ്രീമതി തനുജ.എം.എൻ,, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അൻവർ രാജ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രേഖ സി.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ലേഖാ റാണി.യു | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ഷിബു പ്രണവ് ആർ.എസ് | സെക്രട്ടറി | 01-04-2020 | 03-02-2021 |
| ജയന്തി.എസ് | സെക്രട്ടറി | 04-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷിബു പ്രണവ് ആർ.എസ് | സെക്രട്ടറി | 01-04-2020 | 03-02-2021 |
| ജയന്തി.എസ് | സെക്രട്ടറി | 04-02-2021 | 31-03-2021 |
| അജിത്ത്കുമാർ എ..ആർ | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| സി പ്രമോദ്കുമാർ | വെറ്ററിനറി സർജൻ | 01-04-2020 | 30-06-2020 |
| മേരി വിനി എഞ്ചൽ | വെറ്ററിനറി സർജൻ | 01-07-2020 | 31-03-2021 |
| ലീന തോമസ് | മെഡി.ഓഫീസർ.,ആയുർവേദം | 01-04-2020 | 31-03-2021 |
| സജു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ജാസ്മിൻ എസ്.എം | മെഡി.ഓഫീസർ.പി.എച്ച്.സി | 01-04-2020 | 31-03-2021 |
| രശ്മി മോഹൻ | വി.ഇ.ഒ I | 01-04-2020 | 31-03-2021 |
| ഉണ്ണികൃഷ്ണൻ .എസ് | വി.ഇ.ഒ II | 01-04-2020 | 31-03-2021 |
| സജിനി.എസ് നായർ | കൃഷി ഓഫീസർ | 01-04-2020 | 06-07-2020 |
| അശ്വതി കെ.ശശിധരൻ | കൃഷി ഓഫീസർ | 07-07-2020 | 31-03-2021 |
| സജിത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| കുമാരി ആർ.എൽ.ജലജ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| കുമാരി ശ്രീദേവി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Anwar Raj.M (Senior Grade Auditor, On 13-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Rekha C S (Senior Grade Auditor, On 04-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-05-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക-അപാകതകൾ<br>Written By: Rekha C S (Senior Grade Auditor, On 04-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: THANUJA M.N. (Senior Grade Auditor, On 06-04-2022)<br>Last Updated By: K Sreeja (Deputy Director, On 08-06-2022) | 1-3-1 |
| 5 | ഗ്രാന്റ് യൂട്ടിലൈസേഷൻ-അപാകതകൾ<br>Written By: THANUJA M.N. (Senior Grade Auditor, On 06-04-2022)<br>Last Updated By: K Sreeja (Deputy Director, On 08-06-2022) | 1-3-2 |
| 6 | പദ്ധതി ആസൂത്രണം<br>Written By: THANUJA M.N. (Senior Grade Auditor, On 06-04-2022)<br>Last Updated By: K Sreeja (Deputy Director, On 08-06-2022) | 1-4 |
| 7 | തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു<br>Written By: THANUJA M.N. (Senior Grade Auditor, On 20-05-2022)<br>Last Updated By: THANUJA M.N. (Senior Grade Auditor, On 20-05-2022) | 1-5 |
| 8 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 511640/-രൂപ<br>Written By: THANUJA M.N. (Senior Grade Auditor, On 04-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-5-1 |
| 9 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം<br>Written By: THANUJA M.N. (Senior Grade Auditor, On 04-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-05-2022) | 1-5-2 |
| 10 | പണം നീക്കിയിരിപ്പ് പരിശോധന<br>Written By: Anwar Raj.M (Senior Grade Auditor, On 17-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-05-2022) | 1-6 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathakumari M (Audit Officer, On 19-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-05-2022) | 1-7 |
| 12 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 27-05-2022) | 1-8 |
| 13 | കിണർ റീചാർജ് പ്രവൃത്തി നടപ്പിലാക്കിയില്ല<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-05-2022) | 1-8-1 |
| 14 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-05-2022) | 1-9 |
| 15 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്<br>Written By: Rekha C S (Senior Grade Auditor, On 04-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-05-2022) | 1-10 |
| 16 | ലൈസൻസ് ഫീസ് ഇനത്തിലെ വരവ്, സ്റ്റാറ്റസ് റിപ്പോർട്ടുമായി | 1-11 |

| | | |
|---|---|---|
| | പൊരുത്തപ്പെടുന്നില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 17-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-05-2022) | |
| 17 | ലൈസൻസ് ഫീസ് വാങ്ങിയിട്ടില്ല.<br>Written By: Anwar Raj.M (Senior Grade Auditor, On 17-03-2022)<br>Last Updated By: K Sreeja (Deputy Director, On 08-06-2022) | 1-12 |
| 18 | കരിങ്കല്ല് ഖനനങ്ങളുടെ ലൈസൻസിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 17-03-2022)<br>Last Updated By: K Sreeja (Deputy Director, On 08-06-2022) | 1-13 |
| 19 | പഞ്ചായത്തിൽ സേവന നികുതി ചുമത്തിയിട്ടില്ല.<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-05-2022) | 1-14 |
| 20 | സഞ്ചയ - ഡാറ്റാ പ്യൂരിഫിക്കേഷൻ വിവരങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: K Sreeja (Deputy Director, On 08-06-2022) | 1-15 |
| 21 | സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്ത വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-05-2022) | 1-16 |
| 22 | ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലനിർണ്ണയം<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-05-2022) | 1-17 |
| 23 | തൊഴിൽ നികുതി -അപാകതകൾ<br>Written By: Rekha C S (Senior Grade Auditor, On 04-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-06-2022) | 1-18 |
| 24 | KWA ,KSEB എന്നീ ഏജൻസികൾക്ക് നിർവ്വഹണ ചുമതല നൽകിയ പദ്ധതികൾ-അപാകങ്ങൾ.<br>Written By: Lathakumari M (Audit Officer, On 19-03-2022)<br>Last Updated By: K Sreeja (Deputy Director, On 08-06-2022) | 1-19 |
| 25 | ജനന,മരണ,വിവാഹ രജിസ്റ്റർ പരിപാലിച്ചിട്ടില്ല<br>Written By: Lathakumari M (Audit Officer, On 19-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 1-20 |
| 26 | സാക്ഷരതാ മിഷൻ-തുല്യതാ പരീക്ഷ-അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 19-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 1-21 |
| 27 | ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി-അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 19-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 1-22 |
| 28 | മുറിച്ച് മാറ്റിയ മരങ്ങൾ ലേലം ചെയ്തില്ല.<br>Written By: Lathakumari M (Audit Officer, On 21-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 1-23 |
| 29 | കരകുളം ഗ്രാമീണ പഠന കേന്ദ്രം-ആസ്തിയിലുൾപ്പെട്ടതിന്റെയും എഗ്രിമെന്റിന്റെയും രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.<br>Written By: Lathakumari M (Audit Officer, On 21-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 1-24 |
| 30 | ഗുണഭോക്തൃകമ്മിറ്റി നിർവ്വഹിച്ച പ്രവൃത്തി -അപാകങ്ങൾ<br>Written By: Lathakumari M (Audit Officer, On 19-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 1-25 |
| 31 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.<br>Written By: Lathakumari M (Audit Officer, On 18-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-06-2022) | 1-26 |
| 32 | പൂർത്തീകരണ കാലാവധി അധികരിച്ചിട്ടും,പിഴപ്പലിശ ഈടാക്കിയില്ല.<br>Written By: Lathakumari M (Audit Officer, On 19-03-2022) | 1-27 |

| | | |
|---|---|---|
| | Last Updated By: K Sreeja (Deputy Director, On 08-06-2022) | |
| 33 | പാർട്ട ബില്ല നൽകിയപ്പോൾ റീടെൻഷൻ തുക ഈടാക്കിയില്ല. ,,<br>Written By: Lathakumari M (Audit Officer, On 19-03-2022)<br>Last Updated By: K Sreeja (Deputy Director, On 08-06-2022) | 1-28 |
| 34 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല - 175884.5/- രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: K Sreeja (Deputy Director, On 08-06-2022) | 1-29 |
| 35 | മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-06-2022) | 1-30 |
| 36 | ഹരിതകർമ്മസേന-വിശദാംശം ലഭ്യമാക്കിയില്ല,<br>Written By: Lathakumari M (Audit Officer, On 21-03-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 1-31 |
| 37 | ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി ഈടാക്കി<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 27-05-2022) | 1-32 |
| 38 | ആയുർവേദ ആശുപത്രിക്കു മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാകാൻ കാലതാമസം<br>Written By: Anwar Raj.M (Senior Grade Auditor, On 17-03-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-06-2022) | 1-33 |
| 39 | ടി ആർ 7 എ ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല.<br>Written By: THANUJA M.N. (Senior Grade Auditor, On 04-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 1-34 |
| 40 | പാഥേയം പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-541440/- രൂപയുടെ ചെലവ് തടസ്സം<br>Written By: THANUJA M.N. (Senior Grade Auditor, On 04-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 1-35 |
| 41 | ജനകീയ ഹോട്ടൽ -സർക്കാർ മാർഗരേഖ പ്രകാരമുള്ള ചെലവുകൾ നടത്തേണ്ടതാണ്.<br>Written By: THANUJA M.N. (Senior Grade Auditor, On 04-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 1-36 |
| 42 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ -രേഖകളുടെ അഭാവത്തിൽ 651375/- രൂപയുടെ ചെലവ് തടസ്സം<br>Written By: THANUJA M.N. (Senior Grade Auditor, On 04-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 1-37 |
| 43 | "പട്ടികജാതി വിഭാഗകാർക്ക് PVC 3 ലെയർ കുടിവെള്ള സംഭരണ ടാങ്ക്"പദ്ധതി -2600/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.<br>Written By: THANUJA M.N. (Senior Grade Auditor, On 04-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയൊഗം<br>Written By: Rekha C S (Senior Grade Auditor, On 04-04-2022)<br>Last Updated By: K Sreeja (Deputy Director, On 08-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയതുകയുടെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: K Sreeja (Deputy Director, On 08-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |

| | | |
|---|---|---|
| | Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Rekha C S (Senior Grade Auditor, On 04-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 26-05-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rekha C S (Senior Grade Auditor, On 04-04-2022)<br>Last Updated By: Rajeevan Chellan (Office Superintendent, On 07-06-2022) | 4-9 |
| 10 | തീർപ്പാക്കൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Rekha C S (Senior Grade Auditor, On 03-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 25-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25/03/2020ലെ 1(1)നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുൻബാക്കി 45562094.65/-രൂപയും, പ്രതീക്ഷിത വരുമാനം 519718811/- രൂപയും ചേർത്ത് ആകെ വരവ് 565280905.65/- രൂപയും ആകെ ചെലവ് 551024010/- രൂപയും നീക്കിബാക്കി 14256895.65/- രൂപയും വകയിരുത്തിയ ബജറ്റാണ് അംഗീകരിച്ചത്.

ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1 (li) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

4.ജന്റർ ബജറ്റ്

എന്നാൽ പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ബി) 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2020-21സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം നടത്തിയിട്ടില്ല.

സി).പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.മാത്രമല്ല214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം 214(5)).അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല.

ഡി).2020-21 ബജറ്റും, വാർഷിക ധനകാര്യ പത്രികയും താരതമ്യപ്പെടുത്തിയതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ

I) വരവിനങ്ങൾ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ ബജറ്റിൽ കൂടുതൽ ആയി ഉൾപ്പെടുത്തിയിരിക്കുന്നു. ഉദാഹരണം ചുവടെ

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ് പ്രകാരമുള്ള തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 1102001 | തൊഴിൽ നികുതി | 70,00,000/- | 27,54,630/- |
| 2 | 1301001 | സ്ഥലങ്ങളുടേയും കെട്ടിടങ്ങളുടേയും വാടക | 2,00,000/- | 66,192/- |
| 3 | 1401101 | ലൈസൻസ് ഫീസ് | 10,00,000/- | 3,66,770/- |

Ii) 2020-21 ലെ ബജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്താതെ ചുവടെ ചേർത്തിട്ടുള്ള ഹെഡ് ഓഫ് അക്കൌണ്ടുകളിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ഹെഡ് ഓഫ് അക്കൌണ്ട്. | ഇനം | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | 2501002 | കൃഷിയും അനുബന്ധ മേഖലയും - മറ്റു വിളകൾ | 5,00,000/- | 1,00,000/- | 17,62,770/- |
| 2 | 2501031 | മൃഗസംരക്ഷണം പശു വളർത്തൽ | 10,00,000/- | 4,00,000/- | 9,30,000/- |
| 3 | 2501032 | മൃഗസംരക്ഷണം ആട് വളർത്തൽ | 8,00,000/- | 2,00,000/- | 4,32,000/- |
| 4 | 2501048 | ക്ഷീരവികസനം-പശ്ചാത്തല സൌകര്യങ്ങൽ | 5,00,000/- | - | 12,00,000/- |
| 5 | 2501046 | ക്ഷീരവികസനം-സംഭരണവും വിപണനവും | 14,00,000/- | - | 17,58,721/- |
| 6 | 2512009 | സാനിറ്റേഷൻ-ജനറൽ | 25,00,000/- | 15,00,000 | 37,90,279/- |

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6), 214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്, ആയതിനാൽ മേൽ പട്ടികയിൽ പറയുംപ്രകാരം ചെലവ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്

അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 12.07.21 |

## 1-2-1 വാർഷിക ധനകാര്യ പത്രിക-അപാകതകൾ

2020-2021 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.( എൻക്വയറി നം .21,24)

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. സാംഖ്യയിൽ ലഭിക്കാത്തതിനാലാണ് ആയത് ഉൾപ്പെടുത്താതിരുന്നതെന്നും ആയത് ഐ.കെ.എം-ന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെന്നും സാംഖ്യയിൽ അപ്ഡേഷൻ വരുത്തി തുടർവർഷങ്ങളിൽ അപാകത ഒഴിവാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

2. ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (7108585/-), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (3403986/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.നിലവിൽ സാംഖ്യയിൽ നിന്നും ക്യാഷ് ഫ്ലോ പത്രിക ലഭ്യമാക്കുകയാണ് ചെയ്യുന്നതെന്നും ആയത് ഐ.കെ.എം-ന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെന്നും സാംഖ്യയിൽ അപ്ഡേഷൻ വരുത്തി തുടർവർഷങ്ങളിൽ അപാകത ഒഴിവാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടിയായി നിലവിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ സാംഖ്യയിൽ വാർഷിക ഡിമാന്റ് രേഖപ്പെടുത്തുന്ന രീതിയാണ് അനുവർത്തിച്ച് വരുന്നതെന്നും തുടർ വർഷങ്ങളിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തി അപാകത പരിഹരിക്കുന്നതാമെന്ന് അറിയിച്ചിരിക്കുന്നു.

4. 2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-4 Schedule പ്രകാരം തനതു ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുകകൾ 2020-21 വർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ്ഡ്കോഡ് | ഇനം | 2019-20 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 320300199 | Grants, Funds & Contributions For Specific Purposes- Govt.agencies | 22000 |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടിയായി വിവിധ പദ്ധതികൾക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയാണെന്നും ആയത് തിരികെ അടവാക്കുന്നതിന് നിർദ്ദേശം ലഭിച്ചിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു.

5. 2020-21 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി-4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. ആയത് ചെലവഴിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320100121 | Centrally Sponsored Scheme- ICDS | 1315758/- |
| 3 | 320200309 | Literacy Scheme Grant | 3768/- |
| 5 | 350200322 | Grants From Suchitwa Mission | 3350713/- |
| 7 | 320400199 | Grants, Funds & Contributions For Specific Purposes- Other Financial Institutions | 217336/- |
| 9 | 320800101 | Beneficiary Contributions | 2038436/- |
| 11 | 350200301 | Recoveries Payable- COVID | 651752/- |

ആയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടിയായി കോവിഡ് മഹാമാരി മൂലമാണ് ടി വർഷം മേൽ തുകയ്ക്ക് പ്രോജക്ട് രൂപീകരിക്കാത്തതെന്നും തുടർ വർഷങ്ങളിൽ പ്രോജക്റ്റ് രൂപീകരിച്ച് തുക പൂർണ്ണമായി ചെലവഴിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.Recoveries Payable- COVID എന്ന ഹെഡിൽ നീക്കിയിരിപ്പുള്ള തുക 2021-22 വർഷത്തിൽ പഞ്ചായത്ത് അക്കൗണ്ടിലേക്ക് മാറ്റി ജീവനക്കാർക്ക് തിരികെ നൽകിയിട്ടുള്ളതാണെന്ന് അറിയിച്ചിരിക്കുന്നു.

6. RP- 40 B പ്രകാരം Treasury Special TSB- Joint Venture അക്കൗണ്ടിൽ 677644/-രൂപ ആണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്. എന്നാൽ, തൻവർഷ ബാലൻസ് ഷീറ്റ് പ്രകാരം Joint Venture Projects For Revenue Expenditure- From Block Panchayat ഇനത്തിൽ 1870334/- രൂപയും Joint Venture Projects For Revenue Expenditure- From District Panchayat ഇനത്തിൽ 3400/- രൂപയും നീക്കിയിരിപ്പായി അവശേഷിക്കുന്നു. കൂടാതെ, പ്രസ്തുത തുക 2019-20 സാമ്പത്തിക വർഷം മുതൽ നീക്കിയിരിപ്പായ തുകയാണ്. ആയത് ചെലവഴിക്കാതെ അവശേഷിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി RP 40b പ്രകാരം കാണിച്ചിട്ടുള്ള തുകകൾ Treasury Joint Venture ന് ആയിട്ട് ആരംഭിച്ചിട്ടുള്ള ട്രഷറി അക്കൗണ്ടിൽ നിലവിൽനീക്കിയിരിപ്പുള്ള തുകയാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തുകൾ ജില്ലാ പഞ്ചായത്തുകൾ തുടർവർഷങ്ങളിൽ എസ്.ബി ഐ അക്കൗണ്ടിലും കരകുളം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലും നേരിട്ട് നൽകിയ സാഹചര്യത്തിലാണ് ടി തുകകൾ ഇപ്രകാരം രേഖപ്പെടുത്തിയതെന്നും അറിയിച്ചിരിക്കുന്നു. തുടർ വർഷങ്ങളിൽ തുക ചെലവഴിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. 23.01.17-ലെ ജി.ഒ(പി) 07/17/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്റ്റ് നിർവ്വഹണം നടത്താത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം ജോയിന്റ് ആക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. തുകകളുമായി ബന്ധപ്പെട്ട പദ്ധതികൾ സ്പിൽ ഓവർ ആയിട്ടില്ലെങ്കിൽ, ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

7. B-4 Schedule പ്രകാരം 320700102- Contribution For Joint Venture(for Capital Expenditure From Municipal Corporation) ഇനത്തിൽ 1700000/- രൂപയും 320700202- Contribution For Joint Venture(for Capital Expenditure From Municipal Corporation) ഇനത്തിൽ 7900000/-രൂപയും നീക്കിയിരിപ്പുണ്ട്. എസ്.ബി ഐ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളതുക 2020-21 വർഷം ചെലഴിച്ചിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

8. ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റ് B-14 Stock Inhand (Inventories)-ൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ അതാത് എക്സ്പെന്റിച്ചർ ഹെഡിലാണ് സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടുള്ളതെന്നും തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

9. 2019-20സാമ്പത്തിക വർഷം വരെ KSEBയ്ക്ക് ഡെപ്പോസിറ്റ് ഇനത്തിൽ ആകെ 8892499/- രൂപയും KWA യ്ക്ക് ഡെപ്പോസിറ്റ് ഇനത്തിൽ ആകെ 2987625/- രൂപയും നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പൂർത്തികരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10. അഡ്വാൻസ് രജിസ്റ്റർ, DBT Statement എന്നിവ പരിശോധനയ്ക്ക് നൽകുന്നതായി അറിയിച്ചിട്ടുണ്ടെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമായില്ല.

11. SBT Own Fund, SBI-own Fund, Service Cooperative Bank -Own Fund, Treasury -Own Fund, Treasury -LGTSB,Treasury Special TSB -JV എന്നീ അക്കൗണ്ടുകളുടെ Bank Statement, Reconciliation Statement എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് മറുപടിയോടൊപ്പം ഹാജരാക്കുന്നതാണെന്ന് അറിയിച്ചെങ്കിലും SBT Own Fund, SBI-own Fund, Service Cooperative Bank -Own Fund, Treasury -Own Fund, Treasury -LGTSB,Treasury Special TSB -JV എന്നീ അക്കൗണ്ടുകളുടെ Bank Statement, Reconciliation Statement ആയത് പരിശോധനയ്ക്ക് ലഭ്യമായില്ല. SBI-own Fund, Service Cooperative Bank -Own Fund എന്നിവയുടെ Bank Statement, Reconciliation Statement എന്നിവ ഓഡിറ്റ് തീരുന്ന സമയത്ത് പരിശോധനയ്ക്ക് ഹാജരാക്കിയതിനാൽ ആയത് പരിശോധിക്കാൻ കഴിഞ്ഞില്ല.പ്രസ്തുത രേഖകൾ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2മാസത്തിനകം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

12. വൌച്ചർ നം.22100064 തീ.23.04.21പ്രകാരം 111503/-രൂപ 2021 മാർച്ച് മാസത്തെ വെള്ളക്കരം(ബിൽ നം.50462 തീ.25.03.21) ഇനത്തിൽ വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. വൌച്ചർ നം.22100011 തീ.17.04.21പ്രകാരം 126000/-രൂപ 2021 മാർച്ച് മാസത്തെ ഹോണറേറിയം ഇനത്തിലും വൌച്ചർ നം.22100012 തീ.17.04.21പ്രകാരം 134000/-രൂപ 2021 മാർച്ച് മാസത്തെ സിറ്റിംഗ് ഫീ ഇനത്തിലും നൽകിയിട്ടുണ്ട്. എന്നാൽ അക്കൌണ്ട്സിൽ ആയതിന് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി തുടർ വർഷങ്ങളിൽ പ്രൊവിഷൻ രേഖപ്പെടുത്തുന്നതാണെന്ന് അറിയിച്ചിരിക്കുന്നു.

13. മലയം ഏല്ലൂർക്കോണം 101ഏക്കർ ചർച്ച് റോഡ് മെറ്റലിംഗ്, ടാറിംഗ് (119/21) പ്രവർത്തിയ്ക്ക് 602057/-രൂപ (വി.ഫ.ജ) ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയത് B-11schedule Fixed Asset ലെ Roads-tarred എന്ന ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ല.ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടിയായി ആയത് റോഡ് ഹെഡ് ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും എന്നാൽ Roads-tarred എന്ന ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലെന്നും തുടർ വർഷങ്ങളിൽ ഇപ്രകാരം അപാകത സംഭവിക്കാതെ രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

14. 2020-21-ലെ എ.എഫ്.എസ് പ്രകാരം Professional Tax (Employees) ഇനത്തിലുള്ള ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആയത് രജിസ്റ്ററുമായും പൊരുത്തപ്പെടുന്നില്ല

| ഇനം | Demand | Collection | Balance |
|---|---|---|---|
| AFS | 2496380 | 2475880 | Nil |
| Register | 2496380 | 2496380 | 2496380 |

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ Professional Tax ഇനത്തിൽ റിക്കവറിയായി പിരിച്ചെടുത്ത 20500/-രൂപ ജേണൽ എൻട്രി പ്രകാരം സാംഖ്യയിൽ രേഖപ്പെടുത്തിയെങ്കിലും ആയത് ധനകാര്യപത്രികയിൽ പ്രതിഫലിക്കാത്തതാണ് ഇപ്രകാരം അപാകത സംഭവിച്ചതെന്നും തുടർ വർഷങ്ങളിൽ ഇപ്രകാരം അപാകത സംഭവിക്കാതെ രേഖപ്പെടുത്തുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

15. 2020-21-ലെ എ.എഫ്.എസ് പ്രകാരം Rent Receivable From Building(current)ഇനത്തിലുള്ള ഡിമാന്റ് , കളക്ഷൻ ,ബാലൻസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നല്ല. ആയതിന്റെ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല.

| ഇനം | Demand | Collection | Balance (എ.എഫ്.എസ് പ്രകാരം) |
|---|---|---|---|
| AFS | 66192 | 45744(RP43)+ 15726(B9 19-20) =61470 | 20448 |

രജിസ്റ്റർ പ്രകാരം ബി3 സെക്ഷനിൽ നിന്ന ലഭിക്കുന്ന കണക്ക് പ്രകാരമാണ് ധനകാര്യ പത്രിക തയ്യാറാക്കുന്നതെന്നും ടിയാനിൽ നിന്ന് റെന്റ് രജിസ്റ്റർ വാങ്ങി പരിശോധനയ്ക്കായി നൽകുന്നതാണെന്ന് അറിയിച്ചെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമായില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.പ്രസ്തുത രേഖകൾ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2മാസത്തിനകം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

16. ബി-15 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ നീക്കിയിരിപ്പുണ്ട്.ആയത് ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| Rent Receivable From Building(current) | 20448/- |
| Rent Receivable From Building(arrear) | 22649/- |
| Rent Receivable From Market Receipt(current) | 9900/- |
| Rent Receivable From Market Receeipt(current) | 35650/- |

രജിസ്റ്റർ പ്രകാരം ബി3 സെക്ഷനിൽ നിന്ന ലഭിക്കുന്ന കണക്ക് പ്രകാരമാണ് ധനകാര്യ പത്രിക തയ്യാറാക്കുന്നതെന്നും ടിയാനിൽ നിന്ന് റന്റ് രജിസ്റ്റർ വാങ്ങി പരിശോധനയ്ക്കായി നൽകുന്നതാണെന്ന് അറിയിച്ചെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമായില്ല.രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.പ്രസ്തുത രേഖകൾ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2മാസത്തിനകം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

17. Property Tax Sanchaya Statement പരിശോധനയ്ക്ക് ലഭ്യമായില്ല.ആയതിനാൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട വരവ് ചെലവുകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല. ആയത് സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമാണെന്ന മറുപടിയാണ് ലഭിച്ചത്. നിലവിൽ ഓഡിറ്റിന് സഞ്ചയയിൽ ലോഗിൻ ചെയ്യാൻ കഴിയാത്തതിനാൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്.പ്രസ്തുത രേഖകൾ ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 2മാസത്തിനകം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

18. ബി-11 ഷെഡ്യൂൾ പ്രകാരം Accumulated Depreciation- Other Fixed Asset ഇനത്തിൽ നീക്കിയിരിപ്പുള്ള തുക [(8714215)] അതുമായി ബന്ധപ്പെട്ട ആസ്തിയായ Other Fixed Asset-ൽ നീക്കിയിരിപ്പുള്ള തുകയെ [4889332]അധികരിച്ചിരിക്കുന്നു.ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ സാംഖ്യയിൽ എല്ലാ ഡിപ്രീസിയെഷൻ ഹെഡും ഇല്ലാത്തതിനാൽ അതുമായി ബന്ധപ്പെട്ട മറ്റ് ഹെഡുകളിലാണ് തുകകൾ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും ആയതിനാലാണ് ബി-11 ഷെഡ്യൂളിൽ അധികരിച്ച് കണ്ടുന്നതെന്നും അറിയിച്ചിരിക്കുന്നു.ആയത് ഐ.കെ.എം-ന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടെന്നും സാംഖ്യയിൽ അപ്ഡേഷൻ വരുത്തി തുടർവർഷങ്ങളിൽ അപാകത ഒഴിവാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു

19. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, നീക്കിയിരിപ്പ്,വരവ്.തിരിച്ചടവ് എന്നിവയുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.രജിസ്റ്ററിൽ തൻവർഷം വരവും തിരികെ നൽകിയതതിന്റെ രസീത് നമ്പറും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ 3വർഷത്തിലധികം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ നീക്കിയിരിപ്പായിട്ടുണ്ടോ എന്ന് വ്യകതമല്ല. സാംഖ്യയിൽ അപ്ഡേഷൻ വരുത്തി തുടർവർഷങ്ങളിൽ അപാകത ഒഴിവാക്കുന്നതാണെന്നും 3വർഷത്തിലധികം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ലെന്നും അറിയിച്ചിരിക്കുന്നു.കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്ന വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ഈ വിവരം ബോധ്യപ്പെടുത്തി ആയത് പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിരമായി ഇത് ശ്രദ്ധിക്കേണ്ടതാണ്.

20. പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇനത്തിൽ എ.എഫ്.എസ് പ്രകാരമുള്ള വരവ് 500/-രൂപയും രജിസ്റ്റർ പ്രകാരം 550/-രൂപയുമാണ്. വരവ് എ.എഫ്.എസിൽ കൃത്യമായി ഉൾപ്പടുത്തുന്നില്ല.ഹെഡ് മാറി സ്വീകരിച്ചതിനാലാണ് ഈ അപാകത ഉണ്ടായതെന്നുംതുടർവർഷങ്ങളിൽ അപാകത ഒഴിവാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു

21. Professional Tax Institution /Professional /Traders ഇനത്തിൽ ലഭ്യമായ വരവ് എ.എഫ്.എസിലും രജിസ്റ്ററും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | അഡ്വാൻസ് കളക്ഷൻ | തൻവർഷ കളക്ഷൻ |
|---|---|---|
| എ.എഫ്.എസ് | 244960 | 278750 |
| രജിസ്റ്റർ | 244960 | 280412 |

വരവ് എ.എഫ്.എസിൽ കൃത്യമായി ഉൾപ്പടുത്തുന്നില്ല.ഹെഡ് മാറി സ്വീകരിച്ചതിനാലാണ് ഈ അപാകത ഉണ്ടായതെന്നുംതുടർവർഷങ്ങളിൽ അപാകത ഒഴിവാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. മേൽ അപാകങ്ങൾ എല്ലാം പരിശോധിച്ച് തുടർ വർഷത്തെ വാർഷിക ധനകാര്യപത്രിക തയ്യാറാക്കേണ്ടതാണ്.

## 1-3-1 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 26455414 | 26455414 | 31731457*a | -5276043 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 10755176 | 10755176 | 9052858*b | 1702318 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 393039 | 393039 | 21981*c | 371058 |
| CFC(tied) | 0 | 12410000 | 12410000 | 5881215 | 6528785 |
| CFC(untied) | 0 | 27953024 | 27953024 | 19229059 | 8723965 |
| Maintenance Fund(nonroad) | 0 | 7768622 | 7768622 | 6761113 | 1007509 |
| Maintenance Fund(road) | 0 | 18139000 | 18139000 | 18139000 | 0 |
| CSS*d | 0 | 0 | 0 | 5350624 | -5350624 |
| SSS*e | 0 | 0 | 0 | 800000 | 800000 |

*A ACR പ്രകാരമുള്ള ചെലവ് 26322371/-രൂപയാണ്.

*B ACR പ്രകാരമുള്ള ചെലവ് 8628034/-രൂപയാണ്.

*C ACR പ്രകാരം ചെലവ് നടന്നിട്ടില്ല.

*Dകേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

*E സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ്പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവ് നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നിക്കിയിരിപ്പ് നെഗറ്റീവ് ആയതിന്റെയും തുകകൾ ACR മായി പൊരുത്തപ്പെടാത്തതിന്റെയും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
കുറിപ്പ്: സ.ഉ(സാധാ) നം.2247/2021 ധന തീയതി 12.03.21-ൽ സൂചിപ്പിച്ച പ്രകാരം ബജറ്റ് വിഹിതം പൂർണ്ണമായും ചെലവഴിച്ച പഞ്ചായത്തുകൾക്ക് അധിക വിഹിതമിനത്തിൽ തുക അനുവദിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-3-2 ഗ്രാന്റ് യൂട്ടിലൈസേഷൻ-അപാകതകൾ

1. ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറുമായി പൊരുത്തപ്പെടുന്നില്ല

| ഫണ്ട് | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള ചെലവ് തുക | എ.സി.ആർ പ്രകാരമുള്ള തുക |
|---|---|---|
| വികസനഫണ്ട്(ജനറൽ) | 31731457 | 26322371 |
| വികസനഫണ്ട്(എസ്.സി.പി) | 9052858 | 8628034 |
| വികസനഫണ്ട്(ടി.എസ്.പി) | 21981 | 0 |

2. ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള കേന്ദ്രവിഷ്കൃത ഫണ്ടിന്റെ വരവ്, ചെലവ്, നീക്കിയിരുപ്പ് എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3.സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.3 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും ഏറ്റവും കുറഞ്ഞത് 30 % എങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം .ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വകയിരുത്തേണ്ട കുറഞ്ഞതുക 6797760/-രൂപയാണ്. എന്നാൽ ഉത്പാദന മേഖലയ്ക്ക് 6691637/-രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളതും 6527290 രൂപ യാണ് ചെലവ് ചെയ്തിട്ടുള്ളതും .

4. സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% ശതമാനം കുട്ടികൾ ,ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ വികസനത്തിന് വകയിരുത്തണ്ടേതാണ്. ബജറ്റ്

അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം കുട്ടികൾ ,ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജെൻഡേഴ്സ് എന്നിവരുടെ വികസനപദ്ധതിയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞതുക 1713810/- രൂപയാണ്. എന്നാൽ ആകെ 1848639 /-രൂപയാണ് പ്രസ്തുത മേഖലയിലെ പദ്ധതികൾക്കായി അടങ്കൽ വകയിരുത്തിയിട്ടുണ്ട് .ആയതിൽ 1440253/- രൂപ മാത്രമാണ് ചെലഴിച്ചിട്ടുള്ളത്. വകയിരുത്തിയതിന്റെ 77% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

5.സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.11 പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർപ്രകാരമുള്ള പരിചരണത്തിനും ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 5% വകയിരുത്തണം.ബജറ്റ് അലോക്കേഷൻ അപ്പെൻഡിക്സ് 4 അനുബന്ധം 2 പ്രകാരം വയോജനങ്ങളുടെ ക്ഷേമത്തിനും,പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വേണ്ടിയുള്ള പദ്ധതിയ്ക്കായി വകയിരുത്തേണ്ട കുറഞ്ഞതുക 1713810/-രൂപയാണ്. എന്നാൽ പ്രസ്തുത മേഖലയിലെ പദ്ധതികൾക്കായി ആകെ 2486880/- രൂപ അടങ്കൽ വകയിരുത്തിയിട്ടുണ്ടെങ്കിലും1629070/- രൂപ മാത്രമാണ് ചെലഴിച്ചിട്ടുള്ളത്. വകയിരുത്തിയതിന്റെ 65% മാത്രമാണ് വിനിയോഗിച്ചിട്ടുള്ളത്.

പാർശ്വവത്ക്കരിക്കപ്പെട്ടവരേയും പ്രത്യേക പരിഗണന അർഹിക്കുന്നവരേയും പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു മുൻഗണനകളാണ്. ജനങ്ങളുടെ സാമ്പത്തിക വികസനത്തിനും സാമൂഹിക നീതി ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ വികസന പദ്ധതികൾതയ്യാറാക്കി നടപ്പിലാക്കുകഎന്നത് തദ്ധേശ ഭരണ സ്ഥാപനങ്ങളുടെ ഭരണ ഘടനാ ചുമതലയാണ്. ഇത്തരത്തിലുള്ള പദ്ധതികൾക്കായി തുക വകയിരുത്താതിരിക്കുന്നതും തുക വകയിരുത്തിയ ശേഷം ചെലവഴിക്കാതെ ഇരിക്കുന്നതും ഒരുപോലെ കുറ്റകരമാണ്. പദിധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗ്രാന്റുകൾ വകയിരുത്തുന്നതിനും വകയിരുത്തുന്ന ഗ്രാന്റുകൾ ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നുറപ്പ് വരുത്തേണ്ടതുമാണ്.

## 1-4 പദ്ധതി ആസൂത്രണം

1)ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. 2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണ സമിതി പുനഃ സംഘടിപ്പിച്ചിട്ടില്ല.

2)വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്.

ഖണ്ഡിക3.1.2(ബി) 6 പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. അപ്രകാരം ഒരു നടപടി സ്വീകരിച്ചതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും വർക്കിംഗ് ഗ്രൂപ്പുകൾ പാലിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി 2020-21ൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ നടന്നതായി കാണുന്നില്ല.

3)സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള ചുവടെ ചേർത്തിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (നം. 41/17.03.2022)ക്ക് മറുപടി

ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം |
|---|---|---|---|
| I | പൊതുഭരണവും ധനകാര്യവും | ഗുരുതരം | ഐ.കെ.എം സോഫ്റ്റ്‌വെയറിലേയ്ക്ക് മാറിയതിനാൽ വസ്തുനികുതി ഒടുക്കിയവർക്കും കുടിശ്ശിക കാണുന്നു |
| | | അതീവ ഗുരുതരം | കെട്ടിടനികുതി അസസ്മെന്റ് ഫാറം നം 2,6 എന്നിവ അപ്ഡേറ്റല്ല. |
| | | അതീവ ഗുരുതരം | പഞ്ചായത്തിൽ സിസിറ്റിവി,ഫയർ എക്സ്റ്റിൻഗ്യൂഷർ സ്ഥാപിക്കുക |
| Ii | കുടിവെള്ളം,ശുചിത്വം | അതീവ ഗുരുതരം | കുടിവെള്ള ലഭ്യതക്കുറവ് |
| Iii | ആരോഗ്യം | അതീവ ഗുരുതരം | പി.എച്ച്.സിയിൽ അടിസ്ഥാന സൗകര്യക്കുറവ്,പഞ്ചായത്ത് പ്രദേശത്തിന്റെ അകന്ന മൂലയിലാണ് പി.എച്ച്.സി |
| | | അതീവ ഗുരുതരം | ജലസ്രോതസ്സുകൾ മലിനീകരണം |
| | | ഗുരുതരം | നിലവിലുള്ള ആശുപത്രി കെട്ടിടത്തിലെ അടിസ്ഥാന സൗകര്യക്കുറവ്. |
| Iv | പ്രാദേശിക സാമ്പത്തിക വികസനം | ഗുരുതരം | സ്വയംതൊഴിൽ സംരംഭങ്ങൾ നടത്തുന്ന ഗ്രൂപ്പുകൾക്ക് മേൽ കൃത്യമായ മോണിറ്ററിംങ് സംവിധാനം ഇല്ല. |
| V | പട്ടികജാതി വികസനം | ഗുരുതരം | കുടിവെള്ളക്ഷാമം |
| | | ഗുരുതരം | പട്ടികജാതി മേഖലയിലെ വിദഗ്ധ/അവിദഗ്ധ തൊഴിലാളികളുടെ ഡേറ്റാബാങ്ക് തയ്യാറാക്കുക |
| | | ഗുരുതരം | തൊഴിലില്ലായ്മ |

5. സുലേഖ എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ആകെ അടങ്കൽതുക

146568887 /- രൂപയും ചെലവ് 72084396/- രൂപയുമാണ്. അതായത് ആകെ പദ്ധതിച്ചെലവിന്റെ 49% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്.

മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|
| പൊതു വിഭാഗം | ഉല്പാദനം | 6691637 | 6527290 | 97% |
| | സേവനം | 21558164 | 17685303 | 82% |
| | പശ്ചാത്തലം | 2164423 | 1877308 | 86% |
| പട്ടിക ജാതി വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 4150616 | 2346950 | 56% |
| | പശ്ചാത്തലം | 0 | 0 | 0 |
| പട്ടികവർഗ്ഗ വിഭാഗം | ഉല്പാദനം | 0 | 0 | 0 |
| | സേവനം | 0 | 0 | 0 |
| | പശ്ചാത്തലം | 0 | 0 | 0 |

## 1-5 തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 386640 | 267 |
| കർഷകതൊഴിലാളി പെൻഷൻ | 5356800 | 2731 |
| വിധവാ പെൻഷൻ | 51640400 | 25300 |
| വാർദ്ധക്യകാല പെൻഷൻ | 81085300 | 41346 |
| വികലാംഗ പെൻഷൻ | 12763500 | 6303 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 240000 | 8 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 2141900 | 1050 |

## 1-5-1 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നു. സർക്കാരിന് നഷ്ടം 511640/-രൂപ

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ 2020-21 മരണറിപ്പോർട്ടിലെ ആധാർ നമ്പർ ഉപയോഗപ്പെടുത്തി സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന 01 /2020 മുതൽ 123/20 വരെയും,180/2020 മുതൽ 212/2020 വരെയുമുള്ള മരണ രജിസ്ട്രേഷൻ നം. പ്രകാരമുള്ള മരണറിപ്പോർട്ടുകൾ പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പേര് | പെൻഷൻ ഐ.ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1 | ഗോപിനാഥൻ നായർ | 102660202649 | വാർദ്ധക്യകാല പെൻഷൻ | 26.12.19 | സസ്പെൻഡ് | Jan,feb,March, April-2020 | 4880 |
| 2 | നസൈഫ ബീവി | 101740601786 | വിധവ പെൻഷൻ സ്കീം | 20.12.19 | ആക്ടീവ് | Jan-2020 – February-2022 | 37780 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | മുഹമ്മദ്ഹനീഫ | 102660201913 | വാർദ്ധക്യകാല പെൻഷൻ | 30.12.19 | സസ്പെൻഡ് | Jan,feb,March, April-2020 | 4880 |
| 4 | സരസമ്മ | 102660601637 | ദേശീയ വിധവ പെൻഷൻ സ്കീം | 07.01.20 | സസ്പെൻഡ് | ,Feb,March, April-2020 | 3660 |
| 5 | ജയകുമാർ എൻ | 102660203942 | വാർദ്ധക്യകാല പെൻഷൻ | 04.01.20 | സസ്പെൻഡ് | Feb,March, April-2020 | 3660 |
| 6 | മനോഹരൻ | 102660204493 | വാർദ്ധക്യകാല പെൻഷൻ | 05.01.20 | സസ്പെൻഡ് | ,Feb,March, April-2020 | 3660 |
| 7 | ദാമോധരൻനായർ | 102660202692 | വാർദ്ധക്യകാല പെൻഷൻ | 16.01.20 | സസ്പെൻഡ് | ,Feb,March, April-2020 | 3660 |
| 8 | സരസ്വതിയമ്മ.പി | 102660602317 | ദേശീയ വിധവപെൻഷൻ സ്കീം) | 25.04.20 | ആക്ടീവ് | May-2020 February-2022 | 32900 |
| 9 | സരസമ്മ | 102660200645 | വാർദ്ധക്യകാല പെൻഷൻ | 13.5.20 | ആക്ടീവ് | June-2020- February-2022 | 32600 |
| 10 | അപ്പു.റ്റി | 102660201360 | വാർദ്ധക്യകാല പെൻഷൻ | 29.02.20 | ആക്ടീവ് | March-2020- February-2022 | 37100 |
| 11 | സദാശിവൻനായർ പി | 102660201243 | വാർദ്ധക്യകാല പെൻഷൻ | 28.5.20 | ആക്ടീവ് | June-2020- February-2022 | 31600 |
| 12 | കേശവപിള്ള | 102660201542 | വാർദ്ധക്യകാല പെൻഷൻ | 16.05.20 | ആക്ടീവ് | June-2020- November-2020,* May-2021- February-2022 | 32600 |
| 13 | നാസർ | 102660400410 | ഡിസബിലിറ്റി പെൻഷൻ സ്കീം | 08.06.20 | ആക്ടീവ് | July2020- February-2022 | 30300 |
| 14 | ശിവരാജൻ എസ് | 102660201346 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 13.06.20 | സസ്പെൻഡ് | July2020 August-2021 | 20700 |
| 15 | സരോജിനി | 102660200525 | ദേശീയ വാർദ്ധക്യകാല പെൻഷൻ | 12.10.19 | സസ്പെൻഡ് | November-2019- September-2020 | 18000 |
| 16 | സിസിലറ്റ്ഭായി | 102660600913 | വിധവ പെൻഷൻ സ്കീം | 20.08.20 | ആക്ടീവ് | September-2020- February-2022 | 27700 |
| 17 | ശ്രീമതിയമ്മ ഡി | 102660201163 | വാർദ്ധക്യകാല പെൻഷൻ | 31.07.20 | ആക്ടീവ് | August-2020- September-2020 | 2700 |
| 18 | രാഘവൻനാടാർ | 102660200483 | വാർദ്ധക്യകാല പെൻഷൻ | 22.08.20 | സസ്പെൻഡ് | September-2020- August-2021 | 18500 |
| 19 | ബാലമ്മാൾ സി | 102660400243 | ഡിസബിലിറ്റി പെൻഷൻ സ്കീം | 20.08.20 | ആക്ടീവ് | September-2020- February-2022 | 27700 |
| 20 | സുഭദ്രദേവി എസ് | 102660600580 | വിധവ | 29.06.20 | ആക്ടീവ് | July-2020- | 29000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പെൻഷൻ സ്കീം | | | February-2022 | |
| 21 | ബഷീർ | 102660204519 | വാർദ്ധക്യകാല പെൻഷൻ | 05.09.20 | ആക്ടീവ് | October-2020 -February-2022 | 10200 |
| 22 | ജോൺ കെ ജെ | 102660200441 | വാർദ്ധക്യകാല പെൻഷന് | 02.09.20 | ആക്ടീവ് | October-2020-February-2022 | 26600 |
| 23 | ബീമ ബീവി | 102660200484 | വാർദ്ധക്യകാല പെൻഷൻ | 21.02.20 | സസ്പെൻഡ് | March,April-2020 | 3000 |
| 24 | ശ്രീധരൻ കെ | 102660202703 | വാർദ്ധക്യകാല പെൻഷന് | 21.02.20 | സസ്പെൻഡ് | March,April-2020 | 2400 |
| 25 | മാധവൻപിള്ള | 102660100520 | കർഷക തൊഴിലാളി പെൻഷൻ | 19.01.20 | സസ്പെൻഡ് | Feb,March, April-2020 | 3660 |
| 26 | വിശ്വംഭരൻനായർ | 102660201007 | വാർദ്ധക്യകാല പെൻഷൻ | 17.06.20 | ആക്ടീവ് | July,August-2020 February-2022 | 31100 |
| 27 | ഭാർഗ്ഗവി എസ് | 102660200044 | വാർദ്ധക്യകാല പെൻഷൻ | 11.06.20 | | July,August-2020 November-2020 **May-2021-February-2022 | 31100 |
| | | | | | ആകെ | | 511640 |

*Decenber-2020 മുതൽ April-2021 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല എന്ന് സ്റ്റാറ്റസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മെയ് 2021 ന് മുതൽ വീണ്ടും തുക ബാങ്കിന് കൈമാറിയിട്ടുണ്ട്.

**Decenber-2020 മുതൽ April-2021 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല എന്ന് സ്റ്റാറ്റസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മെയ് 2021 ന് മുതൽ വീണ്ടും തുക ബാങ്കിന് കൈമാറിയിട്ടുണ്ട്.

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തിനാൽ 2020-21 വർഷം മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. കരകുളം ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 20തീയതി 16.03.2022ന് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ഈടാക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതിനാൽ അനർഹമായി നൽകിയ തുക സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ച് ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

ധനകാര്യവകുപ്പിന്റെ 26.7.18 ലെ സർക്കുലർ നമ്പർ 69/18ൽ മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്യുന്നവരുടേയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടേയും ആശാവർക്കർമാരുടേയും സഹായത്തോടെ ശേഖരിച്ച് അതാത് മാസം തന്നെ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പഞ്ചായത്തിനെ അറിയിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യേണ്ടത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടേയും സെക്ഷൻ ക്ലർക്കിന്റേയും ചുമതലയാണ്.

## 1-5-2 സാമൂഹ്യസുരക്ഷാ പെൻഷനുകൾ -സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനധികൃതമായി കൈപ്പറ്റിയത് തിരികെ ഈടാക്കണം

കരകുളം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളിൽ സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ വാങ്ങുന്നവർ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയിട്ടുണ്ട്. അനർഹമായി തുക കൈപ്പറ്റിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേരും വിലാസവും | പെൻഷൻ.ഐ.ഡി | അനർഹമായി കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ജോയിസ്.കെ | 102660200906 | 114900 |
| 2 | അന്നമ്മ | 102660201416 | 73100 |
| 3 | സരസമമ | 102660202292 | 58000 |
| 4 | രാജപ്പൻ നായർ | 102660202848 | 44800 |
| 5 | എസ്തർബായി | 102660202942 | 41800 |
| 6 | ദേവകി .ജി | 102660203075 | 40000 |
| 7 | സരസ്വതിയമ്മ | 102660203095 | 40000 |
| 8 | രാമകൃഷ്ണൻനായർ.എസ്. | 102660203309 | 51000 |
| 9 | മനോൻമണി | 102660203400 | 39000 |
| 10 | ഓമന അമ്മ .സി | 102660203413 | 39000 |
| 11 | ഇന്ദിര അമ്മ | 102660203616 | 35600 |
| 12 | ഓമനക്കുട്ടിയമ്മ | 102660203758 | 53500 |
| 13 | ബി.കൗസല്യ | 102660400061 | 166600 |
| 14 | സുരേഷ്കുമാർ | 102660400491 | 64800 |
| 15 | തങ്കി | 102660500097 | 93600 |
| 16 | പ്രസന്നചന്ദ്രിക.ഡി | 102660602276 | 36300 |
| 17 | ലളിതാംബിക.പി | 102660602557 | 33000 |
| 18 | വനജ്യോത്സ്ന .ജി | 102660602663 | 12400 |

സർക്കാരിന്റെ 23.1.2020ലെ 07/2020/ധന നം, 8.2.2021ലെ 14/21/ധന നം. സർക്കുലറുകൾ പ്രകാരം അനർഹമായി കൈപ്പറ്റിയ തുകകൾ വ്യക്തികൾ സർക്കാരിലേക്ക് തിരികെ അടവാക്കേണ്ടതാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണം നം 20 തീയതി 16.3.22 ന് മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ഈടാക്കിയിട്ടുണ്ടോ എന്ന വിവരം ട്രഷറിയുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തി അറിയിക്കേണ്ടതാണ്. പെൻഷൻ അപേക്ഷകളിന്മേൽ കൃത്യമായ അന്വേഷണം നടത്തി അർഹരായവർക്ക് മാത്രം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-6 പണം നീക്കിയിരിപ്പ് പരിശോധന

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമ പഞ്ചായത്തിന്റെ 2020 – 2021 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള പണം നീക്കിയിരിപ്പ് പരിശോധന 09.03.2022 തീയതിയിൽ രാവിലെ 10:30 സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 48,630/-രൂപ (നാൽപ്പത്തി എട്ടായിരത്തി അറുനൂറ്റി മുപ്പത് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം ഏറെ മെച്ചപ്പെടേണ്ടതുണ്ട്. അപാകങ്ങളുടെ വിശദാംശം വിവിധ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ തീയതിയിൽ നടത്തിയിട്ടുണ്ടെങ്കിലും തനതു തീരുമാനത്തിന്റെ ശേഖരണത്തിലും വിവിധ രജിസ്റ്ററുകളുടെ പരിപാലനത്തിലും കൂടുതൽ ശ്രദ്ധയൂന്നേണ്ടതുണ്ട്.

2.പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്.

3.പഞ്ചായത്തിൽ തൻവർഷം സേവന നികുതി ചുമത്തിയിട്ടില്ല.

4. തനതുവരുമാന സ്രോതസ്സായ വസ്തുനികുതി നിർണ്ണയം കുറ്റമറ്റതാകേണ്ടതുണ്ട്.ഒരേ കെട്ടിടത്തിലെ /സമീപ കെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലനിർണ്ണയം നടത്തി വസ്തു നികുതി ചുമത്തിയിരിക്കുന്നു.

5.സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്ത വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി

6.പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങൾക്ക് സ്ഥാപന നികുതി ,ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

7. പദ്ധതി പ്രവർത്തനങ്ങൾ മാർഗ്ഗരേഖാനുസൃതവും ഫലപ്രദവുമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 330896 | 1903491 | 2234387 | 2185857 | 48530 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 325127480 | 325127480 | 325127480 | .. |
| ആകെ | 330896 | 327030971 | 327361867 | 327313337 | 48530 |

### 1-8-1 കിണർ റീചാർജ് പ്രവൃത്തി നടപ്പിലാക്കിയില്ല

പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. സ.ഉ (കൈ) 161/16 ത.സ്വ.ഭ.വ തി. 9.11.16 പ്രകാരം ജലസുരക്ഷ-സമ്പൂർണ്ണ കിണർ റീചാർജ് സംബന്ധിച്ച് പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച ആക്ഷൻ പ്ലാനിൽ കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30 നുള്ള മറുപടിയിൽ 2020-21 സാമ്പത്തിക വർഷത്തിൽ കിണർ റീചാർജ്ജിനുള്ള അപേക്ഷ ലഭിച്ചിട്ടില്ലെന്ന് അറിയിച്ചിരിക്കുന്നു.

## 1-9 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. ടവർ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി

ചട്ടങ്ങൾ പ്രകാരം കണക്കാക്കിയ തുകയാണ് മൊബൈൽ ടവർ കമ്പനികൾ നികുതിയായി പഞ്ചായത്തിൽ ഒടുക്കേണ്ടത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റെ പേര് | വാർഡ് നം. | കെട്ടിട നം. | പിരിച്ചെടുക്കുവാനുള്ള വസ്തുനികുതി | കുടിശ്ശിക കാലയളവ് |
|---|---|---|---|---|
| BSNL | 21 | 388/A | 570824 | 2013-14 മുതൽ 2020-21 വരെ |
| BSNL | 20 | 495/A | 43313 | 2013-14 മുതൽ 2020-21 വരെ |
| Reliance Communications | 16 | 3/A | 3150 | 2020-21 2nd Half |
| Bharath Infratel | 16 | 653/A | 3150 | 2020-21 2nd Half |
| Reliance Jio | 11 | 427/A | 6300 | 2018-19 മുതൽ 2020-21 വരെ |
| Reliance Jio | 10 | 593/A | 9450 | 2018-19 മുതൽ 2020-21 വരെ |

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന12 മൊബൈൽ ടവറുകളും 2019-20 2nd Half വസ്തുനികുതി അടവാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 25ന് മറുപടി ലഭിച്ചില്ല. മൊബൈൽ ടവറുകളുടെ 2019-20 2nd Half വസ്തുനികുതി ഒഴിവാക്കിയിട്ടുണ്ടെങ്കിൽ കമ്മറ്റി തീരുമാനം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം വസ്തുനികുതി ഈടാക്കേണ്ടതാണ്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.സർക്കാർ ഉത്തരവു നം.GO(MS) 113/2009/LSGD പ്രകാരം, മൊബൈൽ ടവറുകളുടെ സ്ഥാപനം ,പ്രവർത്തനം എന്നിവ ക്രമീകരിക്കുന്നത് തദ്ദേശ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന കാര്യമാണ്.അതിനാൽ വസ്തുനികുതി പിഴപ്പലിശ സഹിതം ഈടാക്കേണ്ടതാണ്.

## 1-10 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപന നികുതി അടവാക്കിയതിൽ കുറവുണ്ട്.

| ക്രമ നം. | കെട്ടിട നം. | പേര് / മേൽവിലാസം | ഒറ്റ ദിവസത്തെ വിറ്റുവരവ് | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | 16/191എ | എസ്.ആർ.എസ് പ്രൈം ബ്ളോക്സ് | 3000 | 1500/- | 2500/- |

| | | | | | |
|---|---|---|---|---|---|
| 2 | 9/954 | വി.ജെ ഹോസ്പിറ്റൽ | 1000 | 1500/- | 2500/- |
| 3 | 20/370(ബി), 20/370(സി) | ദ ടെസ്റ്റ് കിച്ചൺ | 2000 | 1200/- | 2500/- |
| 4 | 9/450 | കിട്ടു ബ്ളോക്സ് | 1000മുതൽ 2300വരെ | 1500/- | 2500/- |
| 5 | 10/1060 | ലോഡ് കൃഷ്ണ ഏജൻസീസ് | 50000/- | 1200/- | 2500/- |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30 ന് മറുപടി ലഭിച്ചില്ല. കുറവ് വന്ന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-11 ലൈസൻസ് ഫീസ് ഇനത്തിലെ വരവ്, സ്റ്റാറ്റസ് റിപ്പോർട്ടുമായി പൊരുത്തപ്പെടുന്നില്ല

2020-21 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിലെ ഭാഗം 1 ൽ 1.1.9 ഖണ്ഡിക പ്രകാരം പഞ്ചായത്തിലെ നായ്ക്കളുടെ എണ്ണം ചുവടെ വിവരിക്കും പ്രകാരമാണ്.

ആകെ നായ്ക്കളുടെ എണ്ണം : 5046

ലൈസൻസുള്ളവ :3521

തെരുവ് നായ്ക്കളുടെ എണ്ണം : 1525

ABC നടത്തിയവ : 56

എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ്സ് ആൻറ് പേയ്മെൻറിൽ ആർ പി 4 ൽ പട്ടികളുടെ ലൈസൻസ് ഫീസ് ഇനത്തിൽ വരവായി കാണിച്ചിരിക്കുന്നത് 170 രൂപ മാത്രമാണ്. ഈ വിധം വാർഷിക ധനകാര്യ പത്രികയും സ്റ്റാറ്റസ് റിപ്പോർട്ടും തമ്മിലുള്ള പൊരുത്തക്കേടിന് വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിററ് എൻക്വയറി നം 35/2022, 17.03.2022 ന് മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ ടി അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ലൈസൻസ് ഫീസ് വാങ്ങിയിട്ടില്ല.

ചുവടെ വിവരിക്കുന്ന സ്ഥാപന ഉടമകളിൽ നിന്നും 2020-21 വർഷം ലൈസൻസ് ഫീസ് ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപന ഉടമ | മേൽവിലാസം | |
|---|---|---|---|
| 1 | ഷാനവാസ് ഖാൻ | ഖാൻ മനസിൽ, തറട്ട, കാച്ചാണി | പ്രിന്റർ ആന്റ് കമ്പ്യൂട്ടർ സർവ്വീസ് |
| 2 | ഷൈനി ജോൺ | രാജേഷ് ഭവൻ, കുറ്റിയാണി | ലക്ഷ്മി മെഡിക്കൽസ് |
| 3 | സുഷ കുമാരി എസ് | ദീപാ നിവാസ്, അയണിക്കാട്, കരകുളം | ആർ.എസ്. മെഡിക്കൽസ് |
| 4 | .ഷാലിമാർ എ | വലിയ വിള വീട്, വേങ്കോട് പി.ഒ | ടെക്സ്റ്റൈൽസ് |
| 5. | അജേഷ് വർഗീസ് | ചെമ്പോത്തിനാൽ ഹൗസ്, മലമ്പുഴ പി.ഒ. | |
| 6 | കുമാരി ശ്രീദേവി ജി | സംഗീത് വില്ല, സാരാഭായ് നഗർ, കരകുളം | പട്ടി വളർത്തൽ |
| 7. | രാമേന്ദ്രൻ എസ് | വജ്റ, നാലംച്ചിറ- ആർക്കിടെക്ച്ചറൽ, ഹാർഡ് വെയർ | ഇലക്ട്രിക്കൽ |

| | | | |
|---|---|---|---|
| 8 | സിന്ധു എൽ | ചരുവിള വീട്, കുന്നൻപാറ, വട്ടപ്പാറ | ഹാൻറ് വാഷ് |
| 9. | ഹരിശങ്കർ എസ് | ഹരിശ്രീ, നീലമന, കച്ചാണി, കരകുളം പി ഒ | ഹാഫ് കുക്ക്ഡ് ചപ്പാത്തി |
| 10. | എസ്. നസീർ | സഫിയ ഗാർഡൻസ്, ചെക്കക്കോണം പി.ഒ. | ഹോളോബ്രിക്സ് നിർമ്മാണം |
| 11. | റോയി സ്റ്റീഫൻ | എസ്.എസ്.നിവാസ്, ടി.വി.സ്ക്വയറിന് സമീപം, കുടപ്പനക്കുന്ന് പി.ഒ | ടു വീലർ പാർട്സ്, വർക്ക്ഷോപ്പ് |
| 12. | ആർ.മനോഹരൻ | പണ്ടാര വിള വീട്, മുക്കോല പി.ഒ | എഞ്ചിനീയറിംഗ് വർക്ക്സ് |
| 13. | കസ്തൂരി യു | കസ്തൂരി ഭവൻ, കട്ടയ്ക്കാലിൽ, നന്ദിയോട് പി.ഒ | സഹായകേന്ദ്രം |
| 14. | സരിതകുമാരി റ്റി | ഗീതാഭവൻ, കല്ലട, നെട്ടുമൺ | റെഡിമെയ്ഡ് ഗാർമെൻറ്സ് |
| 15. | പി.ജെ.ബോസ് | പാറയിൽ ഹൗസ്, സാഗര, മുക്കോല പി.ഒ. | ലോൺട്രി സർവ്വീസ് |
| 16 | രാജേഷ് ബി | ശിവരാഗം, അമ്മൻ നഗർ, കരകുളം പി.ഒ | ബേക്കറി |
| 17. | റ്റി. ജയകമാരി | എം.ജി.എച്ച്.എൽ.കോളനി, ബി എൽ -29 മരുത്തൂർ | ജെ.എസ്.ടെയിലേഴ്സ് |
| 18. | രമ എൽ | ശിവ ഭവൻ, കോട്ടു കാഞ്ഞിരം, പാപ്പനംകോട് | ഓയിൽ ആൻറ് സ്പെയർ |
| 19. | ഷിബുകമാർ ജി | തൊഴുത്തുവിളാകത്ത് വീട് | സർവ്വീസ് |
| 20. | ജ്ഞാനശീലൻ | വി.ജെ.എസ്.നിവാസ്, പൂന്നാവൂർ, വെള്ളിയംകോട് | ചിക്കൻ സ്റ്റാൾ |
| 21. | ഷീജ എസ് | എസ്.ജെ. ഹൗസ്, പച്ചക്കാട് | പല വ്യഞ്ജനം |
| 22. | എസ്. ഗീതാകുമാരി | ജി ആർ നിവാസ്, പച്ചക്കാട്, വേങ്കോട് പി.ഒ | പച്ചക്കറി |
| 23. | ഡി.സുനീഷ് കുമാർ | ഐശ്വര്യ, വേങ്കോട് | ഓർഗാനിക് ഫാം |
| 24. | അനന്തു എ.ജി | പത്മ വിലാസം, ശീമ മുളയ്ക്കൽ | തീറ്റക്കട |
| 25. | കരുണ ദേവി | കരുണ ഭവൻ, ചിറത്തലക്കൽ, കരകുളം പി.ഒ. | ഹോം നഴ്സിങ്ങ് ഏജൻസി |
| 26. | ഷാലിമാർ എം | വലിയ വിള വീട്, റോക്ക് പാർക്ക് | ഫ്ലോർമിൽ |
| 27. | അനൂപ് എ | മാമ്പഴക്കുന്ന്, കൈലാസം, മണി കണ്ഠേശ്വരം | പ്ലംബിങ്ങ് കട |
| 28. | ഷൈലചന്ദ്രൻ | ഗൗരിഭവൻ, മുളക്കോട്, വിതുര പി.ഒ. | ജോബ് ഏജൻസി, ഗൗരി ലേബർ |
| 29. | കെ.കരുണാകരൻ നായർ | കടയിൽ വീട്, വട്ടപ്പാറ പി.ഒ. | ജനതാ പാൻ ഷോപ്പ് |
| 30. | അജയ് ഹരി പോത്തൻ | ഫ്ലാറ്റ് നമ്പർ-54, ആർട്ടെക് കേക്ക് വ്യൂ, ടോൾ ജംഗ്ഷൻ, ചാക്ക | പോത്തൻ മോട്ടോഴ്സ് |
| 31. | ജീജോ സ്റ്റീഫൻ | ജെ.എസ്.ഭവൻ, മങ്ങാട്ട് കോണം | ചപ്പാത്തി വിൽപ്പന |
| 32. | സുജ പി | ഹർഷ നിവാസ്, വാര്യക്കോണം | ഹർഷ ഉറക്കിണർ |
| 33. | ഗീത കുമാരി എസ് | ഗീതാഭവൻ, കുന്നാം പാറ | അഖിൽ പ്രൊവിഷൻ സ്റ്റോഴ്സ് |
| 34. | കെ.സുബ്രഹ്മണ്യ പിള്ള | മുത്താരമ്മൻ സ്റ്റോർസ് | സ്റ്റേഷനറി കട |
| 35. | പ്രകാശ് ചന്ദ്രശേഖരൻ | 10, ശാന്തിനഗർ, | ഇലക്ട്രോണിക് ഉപകരണങ്ങൾ |

ടി സ്ഥാപന ഉടമകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

## 1-13 കരിങ്കല്ല് ഖനനങ്ങളുടെ ലൈസൻസിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല

2020-21 സാമ്പത്തിക വർഷം പ്രവർത്തിച്ചതായ താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കരിങ്കല്ല് ഖനന ലൈസൻസിന്റെ കാലാവധികൾ യഥാക്രമം 21. 11. 2020 ലും, 18.05.2020 ലും അവസാനിച്ചിരുന്നു. ഇവർ ലൈസൻസ് പുതുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല. (ഓഡിറ്റ് അന്വേഷണം - 29/ 2022,തീയതി: 16.03.2022)

1.അനിൽകുമാർ,
തുമ്പിച്ചാണി വീട്,
വേങ്കോട് പി.ഒ.
വാർഡ് കെ പി V
സർവ്വേനമ്പർ -49/5,49/8,49/9
2.ശിശുപാലൻ ജി,
തറട്ടയിൽ വീട്,
മണ്ണന്തല പി.ഒ
വാർഡ് നമ്പർ കെ പി V
സർവ്വേ നമ്പർ -2/8, 2/9-1
ടി ക്വാറികളുടെ ലൈസൻസ് പുതുക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-14 പഞ്ചായത്തിൽ സേവന നികുതി ചുമത്തിയിട്ടില്ല.

2011-ലെ കേരള പഞ്ചായതത് രാജ് (വസ്തുനികുതിയുംസേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം26, 27 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതിചുമത്താവുന്നതാണ്. എന്നാൽ കരകുളം പഞ്ചായത്തിൽ സേവന നികുതി ചുമത്തിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25ന് മറുപടി ലഭിച്ചില്ല.വരുമാന വർദ്ധനവിനും പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിനും സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ്. പഞ്ചായത്ത് ഭരണസമിതിയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സ്വീകരിക്കാവുന്നതാണ്.

## 1-15 സഞ്ചയ - ഡാറ്റാ പ്യൂരിഫിക്കേഷൻ വിവരങ്ങൾ ലഭ്യമാക്കിയില്ല

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം -2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ, സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി വിവരങ്ങളുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ / ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫാറം - 6 തയ്യാറാക്കേണ്ടതും, അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണ്ണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. സഞ്ചയസോഫ്റ്റ്വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശം നടത്തി തയ്യാറാക്കിയ ഫാറം 6, 2020-21 വർഷത്തെ പ്യൂരിഫിക്കേഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25ന് മറുപടി ലഭിച്ചില്ല.ആയതിനാൽ ഡാറ്റാ പ്യൂരിഫിക്കേഷൻ കൃത്യമായി നിർവ്വഹിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല. ഡേറ്റാ പ്യൂരിഫിക്കേഷൻ കൃത്യമായി ആണ് നിർവ്വഹിച്ചിരിക്കുന്നതെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 1-16 സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്ത വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കി

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റവെയറിൽ Exemption Register - Exserviceman പരിശോധിച്ചതിൽ സാക്ഷ്യപത്രം/സത്യവാങ്മൂലം സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | പേര് , വിലാസം |
|---|---|---|
| 1 | 1/72 | സുജല ,എസ്.ആർ നിവാസ്, കുറ്റിയാണി, വട്ടപ്പാറ |
| 2 | 16/33 | കൃഷ്ണ കുമാർ.കെ , കുമാരഭവനം ,കരകുളം |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25ന് മറുപടി ലഭിച്ചില്ല. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-17 ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖലനിർണ്ണയം

സഞ്ചയ സോഫ്റ്റ്‌വെയറിൽ ഗ്രാമപഞ്ചായത്തിലെ ഒരേ കെട്ടിടത്തിലെ /സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലനിർണ്ണയം നടത്തിയിട്ടുണ്ട്. എതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | മേഖല |
|---|---|---|---|---|
| 1. | 16/26 | ചന്ദ്രിക അമ്മ,<br>ചിതറയ്ക്കൽ വീട്, ഏണിക്കര | 1.5മീറ്ററിൽ കൂടുതൽ<br>വിളവ് തോട്ടം തോട്ടം<br>പരവൂട്ടുകോണം ശ്രീധരൻനായർ ലെയിൻ | ത്രിതീയം |
| 2 | 16/27 | ചന്ദ്രകുമാർ, അഖിലം ഏണിക്കര | | ദ്വിതീയം |
| 3 | 16/28/A | റിയാ വിജയൻ, നക്ഷത്ര, | | പ്രഥമം |
| 4 | 16/76 | ജയ, പ്ലാപള്ളി മേലെ പുത്തൻവീട് | 5മീറ്ററിൽകൂടുതൽ ഏണിക്കര<br>കണ്ണണിക്കോണം റോഡ് | ത്രിതീയം |
| 5 | 2/76/A | എസ്.എസ്, ശ്രീജിത്ത്, മേലെ<br>ചക്കാലവിളാകത്ത് വിട്, ഏണിക്കര | | ദ്വിതീയം |

ടി അപാകത്തിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25ന് മറുപടി ലഭിച്ചില്ല.

## 1-18 തൊഴിൽ നികുതി -അപാകതകൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ

ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. 2020-21 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

അസ്സസ്മെന്റ് രജിസ്റ്റർ പരിപാലിക്കുന്നില്ല

നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമായില്ല.ആയത് പരിശോധനയ്ക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 13 ആവശ്യപ്പെട്ടിട്ടും ലഭ്യമായില്ല

തൊഴിൽനികുതി രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ 2020-21 വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ തൊഴിൽനികുതി |
|---|---|---|
| 1 | HDB Financial Services Ltd | 2nd Half |
| 2 | മാരുതി സുസുക്കി വർക്ക്ഷോപ്പ് | 1st Half |
| 3 | ബി.ആർ.സി ,കരകുളം | 2nd Half |

ആയതിന് വിശദീകരണംആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13ന് മറുപടി ലഭിച്ചില്ല.

റേഷൻ ചില്ലറ വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (CS)A9-764/19 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തൊഴിൽനികുതി രജിസ്റ്റർ, തൊഴിൽനികുതി സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12നുള്ള മറുപടി ലഭിച്ചില്ല.

ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ടിയിരുന്ന സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. അപ്രകാരം ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5, ഓഡിറ്റ് എൻക്വയറി നമ്പർ 13 എന്നിവയ്ക്ക് മറുപടി ലഭിച്ചില്ല.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്ന്തൊഴിൽ നികുതി ഈടായിട്ടില്ല.
(അവലംബം- പൗരാവകാശ രേഖ)

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.IOB ,മുക്കോലയ്ക്കൽ

2.ഗ്രാമീണകേന്ദ്രം ,ഏണിക്കര

3.കലാഗ്രാമം, കരകുളം

4.നീന്തൽ പരിശീലന കേന്ദ്രം ,കരകുളം

5.ഹ്യുണ്ടായി മോട്ടോർസ്, മരുതൂർ

6. കല്ലുംഗൽ മോട്ടോർസ്, ചിറ്റഴ

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13ന് മറുപടി ലഭിച്ചില്ല.

സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

D&O ലൈസൻസ് അപേക്ഷകൾ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിൽ കൂടുതലൽ ജീവനക്കാർ പണിചെയ്യുന്നുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിലെ മേധാവികൾ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി

ഈടാക്കി പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ ഇല്ല.

| ക്രമ നം. | കെട്ടിട നം. | പേര് / മേൽവിലാസം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | 14/428 | ഇ.വി.എം മോട്ടേഴ്സ് | 4 |
| 2 | 16/191എ | എസ്.ആർ.എസ് പ്രൈം ബ്ളോക്സ് | 4 |
| 3 | 9/954 | വി.ജെ ഹോസ്പിറ്റൽ | 2 |
| 4 | 20/370(ബി), 20/370(സി) | ദ ടെസ്റ്റ് കിച്ചൺ | 4 |
| 5 | 9/450 | കിച്ചു ബ്ളോക്സ് | 5 |
| 6. | 10/1060 | ലോഡ് കൃഷ്ണ ഏജൻസീസ് | 7 |
| 7. | 8/48എ | തച്ചപ്പള്ളിൽ സൂപ്പർമാർക്കറ്റ് | 9 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 30ന് മറുപടി ലഭ്യമായില്ല.

കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിൽ 60ദിവസത്തിൽ കൂടുതൽ പണിയെടുത്തിട്ടുള്ള കരാറുകാരുടെ വിവരം ആവശ്യപ്പെട്ടിട്ടും ലഭ്യമായില്ല. കോൺട്രാക്ടർമാർ തൊഴിൽ നികുതി പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക ലഭ്യമായില്ല.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11ന് മറുപടി ലഭ്യമായില്ല.

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ,സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനിട്ട്സ് പരിശോധിച്ചതിൽ വിഭവസമാഹരണത്തിന്റെ ചോർച്ച ഒഴിവാക്കുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങളോ തീരുമാനങ്ങളോ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിന്ന് ഉണ്ടായിട്ടില്ല. വിഭവസമഹരണം ഫലപ്രദമായി നടക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് തൊഴിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-19 KWA ,KSEB എന്നീ ഏജൻസികൾക്ക് നിർവ്വഹണ ചുമതല നൽകിയ പദ്ധതികൾ-അപാകങ്ങൾ.

(A)നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പദ്ധതി നം-SO 347/21

പദ്ധതിയുടെ പേര്-കുമ്മി വാട്ടർട്രിറ്റ്മെന്റ് പ്ലാന്റ് പഞ്ചായത്തു വിഹിതം.

അടങ്കൽ തുക- 7500000രൂ

ചെലവു തുക-7500000രൂ,

ബിൽ നം-80/30-3-21.

കേരള വാട്ടർ അതോറിറ്റിയെ നിർവ്വഹണം ചുമതലപ്പെടുത്തിയ കമ്മി വാട്ടർട്രിറ്റ്മെന്റ് പ്ലാന്റ് എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

1.പദ്ധതിയുടെ Detailed Estimate, Detailed Project Report എന്നിവ ഫയലിൽ ഇല്ല. Abstract Of Estimate ന്റെ അടിസ്ഥാനത്തിൽ തുക നല്കിയിരിക്കുന്നു.

2.KWA യുമായി ഒപ്പുവച്ച എഗ്രിമെന്റ് ഫയലിൽ ഇല്ല.

3.ടി തുകയ്ക്കുള്ള കൈപ്പറ്റു രസീത്,വിനിയോഗ സാക്ഷ്യപത്രം എന്നിവ ഫയലിൽ ഇല്ല.

(B)കേരള വാട്ടർ അതോറിറ്റിക്ക് നിർവ്വഹണം നൽകിയ വിവിധ പൈപ്പ് ലൈൻ നീട്ടൽപദ്ധതികളുടെയും, കെ.എസ്.ഇ.ബി ക്ക് നിർവ്വഹണ ചുമതല നല്കിയ വിവിധ ഇലക്ട്രിക്കൽ ലൈൻ നീട്ടൽ പദ്ധതികളുടെയും ഫയലുകൾ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു. വിശദാംശങ്ങൾ താഴെ.

| ക്രമ നം. | പ്രോജക്ട് നം./പേര് | നിർവ്വഹണ ഏജൻസി | കൈമാറിയ തുക.(രൂപ) |
|---|---|---|---|
| 1 | 93പൈപ്പ് ലൈൻ നീട്ടൽ | KWA | 352783 |
| 2 | 325പൈപ്പ് ലൈൻ നീട്ടൽ | KWA | 6750818 |
| 3 | 135,ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | KSEB | 1396950 |

| | | | |
|---|---|---|---|
| 4 | 23,ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | KSEB | 3179025 |

1.KWA, KSEBഎന്നിവയുമായി ഒപ്പുവച്ച എഗ്രിമെന്റ് ഫയലിൽ ഇല്ല.

2.പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം,പെർഫോമൻസ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല.സർക്കാർ ഉത്തരവ് നം .സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(2) പ്രകാരം,നിർവ്വഹണ ഏജൻസികൾക്ക് തുക അനുവദിക്കുന്നതിനു മുമ്പ് തദ്ദേശ സ്ഥാപനം ബന്ധപ്പെട്ട ഏജൻസികളുമായി കരാർ ഒപ്പിട്ട ശേഷം മാത്രമേ മുൻകൂർ അനുവദിക്കാൻ പാടുള്ളൂ.ഇവിടെ ടി ഉത്തരവ് പാലിച്ചിട്ടില്ല. അതിനാൽ മേല്പറഞ്ഞ രേഖകൾ നിർവ്വഹണ ഏജൻസികളിൽ നിന്ന് ലഭ്യമാക്കി ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 1-20 ജനന,മരണ,വിവാഹ രജിസ്റ്റർ പരിപാലിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് 2020-21 വർഷം The Registration 0fBirth And Death Rules-1999, റൂൾ 12 ൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമുള്ള Birth Register (Form-7), Death Register (Form-7), എന്നിവയും, Registration Of Marriages(common)Rules, റൂൾ 8 പ്രകാരമുള്ള Marriage Register എന്നിവയും പരിപാലിച്ചിട്ടില്ല.ആയതു ഗുരുതരമായ വീഴ്ചയാണ്. ജനന/മരണ /വിവാഹ രജിസ്ട്രേഷനുള്ള അപേക്ഷകളും, തുടർനടപടി ഫയലുകളും മാത്രമാണ് ഓഡിറ്റിനു ലഭ്യമാക്കിയത്. ടി ഫയലുകൾ അതതു വർഷം പൂർത്തിയാകുമ്പോൾ ബൈന്റ് ചെയ്ത് രജിസ്റ്ററാക്കി സൂക്ഷിക്കുകയാണ് പതിവെന്നും,തൻവർഷം കോവിഡ് സാഹചര്യം മൂലം അപ്രകാരം ചെയ്യാൻകഴിയാത്തതാണെന്നും സെക്ഷൻ ക്ളാർക്ക് വാക്കാൽ വിശദീകരണം നല്കി. എന്നാൽ ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.41)മറുപടി ലഭ്യമായില്ല. നിയമപരമായി അതീവപ്രാധാന്യമുള്ളതും, ദീർഘകാലം സൂക്ഷിച്ച വയ്ക്കേണ്ടതുമായ ടി രജിസ്റ്ററുകൾ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

## 1-21 സാക്ഷരതാ മിഷൻ-തുല്യതാ പരീക്ഷ-അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

പ്രോജക്ട് നം. -39/21

പ്രോജക്ട് പേര് - സാക്ഷരതാ മിഷൻ-തുല്യതാ പരീക്ഷ.

അടങ്കൽതുക -231450രൂപ

മേൽ പദ്ധതികളിൽ ഉൾപ്പെടുത്തി, പത്താംതരം തുല്യതാ കോഴ്സിനു 17 പഠിതാക്കളുടെ കോഴ്സ് ഫീസായി 31450/- രൂപ യും (ചെക്ക് നം. 061551/12-5-20),പതിനൊന്നാം തരംതുല്യതാ കോഴ്സിനു 50പഠിതാക്കളുടെ കോഴ്സ് ഫീസായി 125000/- രൂപ യും(ചെക്ക് നം. 061549/12-5-20) പന്ത്രണ്ടാം തരം തുല്യതാ കോഴ്സിനു 30പഠിതാക്കളുടെ കോഴ്സ് ഫീസായി 75000/- രൂപ യും (ചെക്ക് നം. 061550/12-5-20) സാക്ഷരതാ മിഷനു നല്കി. ടി പദ്ധതി ഫയലിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.ടി തുകയ്ക്ക് സാക്ഷരതാ മിഷനിൽ നിന്ന് ലഭിച്ച രസീതു ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2.പഠിതാക്കളുടെ വിശദാംശം ഫയലിൽ ഇല്ല.

4. പഠിതാക്കളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരം ഫയലിൽ ഇല്ല.

5.പഠിതാക്കളിൽ എത്ര പേർ സാക്ഷരതാ മിഷൻ നടത്തിയ ക്ളാസിൽ പങ്കെടുത്തുവെന്നോ, പരീക്ഷ എഴുതി എന്നോ വ്യക്തമല്ല.

ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്കു (നം.8) മറുപടി കിട്ടിയില്ല. മേൽ സൂചിപ്പിച്ച രേഖകൾ അടിയന്തിരമായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-22 ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി-അപാകങ്ങൾ

പ്രോജക്ട് നം-328

പ്രോജക്ടിന്റെ പേര്-ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

അടങ്കൽ തുക - 5500000/-രൂപ

ചെലവ് തുക-1590000രൂ(ബിൽ നം-70/26-3-21)

നിർവ്വഹണ എജൻസി-KWA.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന ജലജീവൻ മിഷൻ-ഗാർഹിക കുടിവെള്ള കണക്ഷൻ

പദ്ധതിയിൽ അടങ്കൽ തുകയുടെ 15%പഞ്ചായത്ത് വിഹിതമായും, 10% പഞ്ചായത്തിൽ ഒടുക്കു വരുത്തുന്ന ഗുണഭോക്തൃവിഹിതമായും വകയിരുത്തിയാണ് പദ്ധതി തയ്യാറാക്കിയത്.ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

(A)അംഗീകൃത പ്രോജക്ട് പ്രകാരം, പഞ്ചായത്തിൽ ഒടുക്കു വരുത്തുന്ന ഗുണഭോക്തൃവിഹിതമായി,500000 രൂപ അടവു വരേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ തുകയൊന്നും അടവു വന്നിട്ടില്ല .

(B)പദ്ധതി നടത്തിപ്പിനായി, KWA യുമായി എഗ്രിമെന്റു വയ്ക്കാതെയാണ തുക കൈമാറിയിട്ടുള്ളത്.

(Cപദ്ധതിയു ടെ Detailed Engineering Report, Detailed Project Report എന്നിവ KWA ലഭ്യമാക്കിയിട്ടില്ല. ഈ വിധത്തിൽ General Abstract ന്റെ മാത്രം അടിസ്ഥാനത്തിൽ, KWA യുമായി എഗ്രിമെന്റു വയ്ക്കാതെ തുക കൈമാറിയത് ഉചിതമല്ല.

(D)ടി പദ്ധതിക്കായി,ഗ്രാമസഭ തെരഞ്ഞെടുത്ത്, പഞ്ചായത്ത്കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

(E) നാളിതുവരെ കുടിവെള്ള കണക്ഷൻ ലഭിച്ചവരുടെ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ല.

(F)KWA യിൽ അടച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.
എന്നാൽ ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7)മറുപടി ലഭ്യമായില്ല. ടി രേഖകൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അപാകം സംബന്ധിച്ച കൃത്യമായ വിശദീകരണത്തിന്റെ അഭാവത്തിൽ തുക തുക തടസ്സപ്പെടുത്തുന്നതായിരിക്കും.

## 1-23 മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്തില്ല.

വൌച്ചർ നം. 22000337 തീ.21-7-20 പ്രകാരം അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് 35000 രൂപ ചെലവു ചെയ്തിട്ടുണ്ട്. നെടുമങ്ങാട് തഹസിൽദാരുടെ 25-5-20 ലെ K1-5484/20 നം. ഉത്തരവിൽ അപകടകരമായ നിലയിലുള്ള ആഞ്ഞിലി മരം, തണൽ മരങ്ങൾഎന്നിവ മുറിച്ചുമാറ്റി സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ വിലനിർണ്ണയത്തിനുശേഷം, ലേലം ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു കൂടാതെ കലാഗ്രാമം റോഡിലെ ഇലവു മരവും മുറിച്ചിട്ടുള്ളതായി വൗച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്നു.മേല്പറഞ്ഞ മരങ്ങളുടെ വിനിയോഗ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2) ലഭ്യമാക്കിയ മറുപടിയിൽ, കോവിഡ് സാഹചര്യം കാരണം ടി മരങ്ങളുടെ ലേലം നടന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്. ടി മരങ്ങൾ എത്രയും വേഗം ലേലം ചെയ്യേണ്ടതാണ്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 കരകുളം ഗ്രാമീണ പഠന കേന്ദ്രം-ആസ്തിയിലുൾപ്പെട്ടതിന്റെയും എഗ്രിമെന്റിന്റെയും രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തു ജനറൽ കമ്മിറ്റിയുടെ മിനിട്സിൽ (7-9-20 ലെ തീരുമാനം 7(1)) കരകുളം ഗ്രാമീണ പഠന കേന്ദ്രം എന്ന നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ 1997-98 കാലഘട്ടത്തിൽ പഞ്ചായത്തു വക ഭൂമിയിൽ പഞ്ചായത്തു വക ഫണ്ടുപയോഗിച്ച് നിർമ്മിച്ചതാണെന്നും, Travancore -Cochin Literary Scientific And Charitable Soceities Act 1955 പ്രകാരം രജിസ്റ്റർ ചെയ്ത ഒരു സൊസൈറ്റിയാണ് നിലവിൽ ടി കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നതെന്നും രേഖപ്പെടുത്തിയിരിക്കുന്നു.ടി കെട്ടിടവും ഭൂമിയും പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനും മേല്പറഞ്ഞ സൊസൈറ്റിക്ക് ടി കെട്ടിടം കൈമാറിയപ്പോൾ ഗ്രാമപഞ്ചായത്തും സ്ഥാപനവുമായി ഒപ്പുവച്ച എഗ്രിമെന്റ് ഓഡിറ്റിനു ലഭ്യമാക്കാനും ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ്എൻക്വയറി നം 32ന് മറുപടി ലഭ്യമായില്ല. ബന്ധപ്പെട്ട ഫയൽ പ്രകാരം കരകുളം ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഗ്രാമീണ പഠന കേന്ദ്രം നിലവിൽ സ്വകാര്യ വ്യക്തികളുടെ നിയന്ത്രണത്തിലാണ് എന്ന് പരാതി ലഭിച്ചതിനെ തുടർന്ന്, ഗ്രാമീണ പഠന കേന്ദ്രത്തിന്റെപ്രവർത്തനത്തിനുള്ള നിയമാവലി തയ്യാറാക്കാൻ 23/9/20 ലെ കത്തു പ്രകാരം പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നല്കിയിട്ടുണ്ട്.അപ്രകാരം നിയമാവലി തയ്യാറാക്കിയിട്ടുണ്ടോ, എന്ന് ആരാഞ്ഞു കൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം 22ന് മറുപടി കിട്ടിയില്ല. ടി രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-25 ഗുണഭോക്തൃകമ്മിറ്റി നിർവ്വഹിച്ച പ്രവൃത്തി -അപാകങ്ങൾ

പ്രോജക്ട് നം.258

പ്രോജക്ടിന്റെ പേര്-വട്ടപ്പാറ എൽ.പി സ്കൂൾ മെയിന്റനൻസ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

നിർവ്വഹണ എജൻസി-ഗുണഭോക്തൃകമ്മിറ്റി

ചെലവു തുക-272338രൂ.

ടി ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

1. GO (MS)11/18/തസ്വഭവ.തീ.29-1-18, GO (MS)17/18/തസ്വഭവ.തീ.2-2-18 എന്നിവ പ്രകാരം, ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ചതിന്റെയും, എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചതിന്റെയും മിനിട്സ് ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ശ്രീ. രഞ്ജിത്തിനെ കൺവീനറായി തെരഞ്ഞെടുത്തത്, പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ചതിന്റെ മിനിട്സ് ഫയലില്ല.

3. പണിക്കുപയോഗിച്ച സാധന സാമഗ്രികളുടെ തരം,വില,തൊഴിലാളികളുടെ എണ്ണം,കൂലി എന്നിവ ഉൾപ്പെടെ എല്ലാ വരവു ചെലവു കണക്കുകളും, നിർവ്വഹണ ഉദ്യോഗസ്ഥൻസാക്ഷ്യപ്പെടുത്തി,ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ, വിവരങ്ങൾ ഭാഗികമായി മാത്രമേ ഫയലിൽ ഉള്ളൂ. ആയവ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബിൽ പ്രകാരം, ഇന്റർ ലോക്ക് ടൈലിംഗ്, മേസണറിRCCവർക്ക്, ഉൾപ്പെടെ കെട്ടിട നിർമ്മാണത്തിനാവശ്യമായ വിവിധ ഇനം പ്രവൃത്തികളും ചെയ്തിട്ടുണ്ടെങ്കിലും,ആയവയ്ക്കുള്ള സാധനങ്ങൾ,സേവനങ്ങൾ എന്നിവയുടെ വാങ്ങൽ രേഖകൾ ഫയലിൽ ഇല്ല.

4. ടി പദ്ധതി നടത്തിപ്പിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഇല്ല

5.മേൽ ഉത്തരവു പ്രകാരം,കൺവീനറുടെയും,ചെയർപേഴ്സന്റെയും പേരിൽ ബാങ്ക് Joint Account തുടങ്ങി, അതിലൂടെയാണ് പണമിടപാട് നടത്തേണ്ടത്. എന്നാൽ കൺവീനറുടെ പേരിൽ 2017 ജൂൺ മുതൽ നിലവിലുള്ള ബാങ്ക് പാസ് ബുക്കിന്റെ പകർപ്പാണ് ഫയലിൽ ഉള്ളത്. മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറി നം.27 നല്കിയ മറുപടിയിൽ, ഹെഡ്മിസ്ട്രസ് റിട്ടയർ ചെയ്തു പോയതിനാലാണ്, ടി രേഖകൾ ലഭ്യമല്ലാത്തത് എന്ന് അറിയിച്ചു. മേലിൽ ഫയലുകൾ കുറ്റമറ്റ രീതിയിൽ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-26 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.

തൻവർഷം വിവിധ പ്രവൃത്തികൾക്കായി KSEB, KWA ശുചിത്വ മിഷൻ എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും/പഞ്ചായത്തു വിഹിതം നല്കിയിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല.വിശദാംശം ചുവടെ ചേർക്കുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9)മറുപടി ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

| ക്രമ നം. | പ്രോജക്റ്റ് നം./പേര് | നിർവ്വഹണ ഏജൻസി | കൈമാറിയ തുക (രൂപ) |
|---|---|---|---|
| 1 | 93പൈപ്പ് ലൈൻ നീട്ടൽ | KWA | 352783 |
| 2 | 325പൈപ്പ് ലൈൻ നീട്ടൽ | KWA | 6750818 |
| 3 | 135,ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | KSEB | 1396950 |
| 4 | 23,ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | KSEB | 3179025 |
| 5 | 146/21മെഡിക്കൽ കോളജ് മാലിന്യ പ്ളാന്റ് വിഹിതം | ശുചിത്വ മിഷൻ | 200000 (ബിൽനം.63/21-1-21) |

20.01.2018-നെ സ.ഉ(കൈ)നം.11/2018/തസ്വഭവ നമ്പർ ഉത്തരവിലെ ഖ.11.3(ഡി)(4) പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നിർദ്ദേശം പാലിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-27 പൂർത്തീകരണ കാലാവധി അധികരിച്ചിട്ടും,പിഴപ്പലിശ ഈടാക്കിയില്ല.

താഴെ പറയുന്ന പ്രവൃത്തികൾ നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിയിൽ കൂടുതൽ സമയം എടുത്തിയിട്ടും പിഴപ്പലിശ ഈടാക്കാതെ, ഫൈനൽ ബിൽ തുക നല്കിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ നം., പേര്, | ബിൽ നം,തീയതി | PAC തുക(രൂ) | പ്രവൃത്തി തുടങ്ങിയ തീയതി | പ്രവൃത്തി പൂർത്തിയായ തീയതി | നിർദ്ദിഷ്ട പൂർത്തീകരണ കാലാവധി |
|---|---|---|---|---|---|---|
| 1 | 245/21-നിലമി കട്ടയ്ക്കാൽ ക്ഷേത്രം ഫുട്പാത്ത് | 603/27-3-21 | 92962 | 24-6-20 | 18-3-21 | 5 മാസം |
| 2 | 227/21-കുഴിക്കോണം-കിഴക്കിൻകര റോഡ്. | 524/8-3-21 | 809823 | 30-6-20 | 31-3-21 | 4 മാസം |
| 3 | 223 /21 തച്ചൂർപ്പാറ വാവതിക്കോണം റോഡ്. | 605/27-3-21 | 549794 | 24/6/20 | 18-3-21 | 4 മാസം |
| 4 | 114/20-കട്ടയ്ക്കാൽ മുകൾ -ആലയാവത്തറ റോഡ് | 420/8-1-21 | 450000 | 19-12-19 | 30-12-21 | 6 മാസം |
| 5 | 216/21 മാങ്കാലക്കുന്ന് ഓട പുനരുദ്ധാരണം | 542/18-3-21 | 419795 | 30-6-20 | 8-3-21 | 4 മാസം |
| 6 | 128/20 ഇണ്ടിളയപ്പൻ ക്ഷേത്രം-കഴുനാട് പാലം റോഡ്. | 450/1-2-21 | 999999 | 15/10/19 | 25/11/20 | 4മാസം |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36) മറുപടി നല്കിയില്ല. മേലിൽ പ്രവൃത്തികൾ നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിയിൽ കൂടുതൽ സമയം എടുക്കുന്ന പക്ഷം, കരാർ പ്രകാരമുള്ള പിഴപ്പലിശ ഈടാക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 പാർട്ട ബില്ല നൽകിയപ്പോൾ റീടെൻഷൻ തുക ഈടാക്കിയില്ല. ,,

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

KPWA Cod-10-2-16,10-2-13 പ്രകാരം, മരാമത്ത് പ്രവൃത്തിയുടെ പാർട്ട് ബിൽ തുകകളിൽ നിന്ന് റീ-ടെൻഷൻ തുക ഈടാക്കേണ്ടതാണ്. എന്നാൽ താഴെപറയുന്ന പ്രവൃത്തികളിൽ അപ്രകാരം ചെയ്തിട്ടില്ല എന്ന കണ്ടു.

| ക്രമ നം. | പ്രോജക്ട് നം,പേര് | PAC | ബിൽ നം. |
|---|---|---|---|
| 1 | 141 കൊടുർ തക്കിടിക്കോണം റോഡ് | 58628 | 11/11-4-20 |
| 2 | 120മലയം-നിലവൂർക്കോണം-ഏക്കർ ചർച്ച് റോഡ് ടാറിംഗ് | 210697 | 228/24-8-20 |
| 3 | 140-പള്ളിവിളാകം -മുള്ളൻചാണി കുന്നൽപാറ | 2421301 | 20/11-4-20 |

അതുവരെ ചെയ്ത പ്രവൃത്തിയുടെ മൂല്യം കണക്കാക്കിയാണ്, പാർട്ട് ബിൽ പാർട്ട് ബിൽ അനുവദിച്ചിട്ടുള്ളത്. എന്നാൽ, ജി.ഓ.(പി) നം.429/15, തീ.28-9-15ൽ നിഷ്കർഷിച്ചിട്ടുള്ള വിധം, 2.5% റീടെൻഷൻ തുക ഈടാക്കാതെയാണ്,ടി പാർട്ട് ബില്ലുകൾ നൽകിയത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിനം.37 ന് മറുപടി ലഭ്യമായില്ല. മേലിൽ പാർട്ട് ബില്ലുകൾ നൽകുമ്പോൾ റീടെൻഷൻ തുക ഈടാക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-29 വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല - 175884.5/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0148/21 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം(വനിത) |
| അടങ്കൽ | 1250000/-(625000 - വികസന ഫണ്ട് സാധാരണം, 625000 -ഉ.വിഹിതം) |
| ചെലവ് | 1250000/-(625000 - വികസന ഫണ്ട് സാധാരണം, 625000 -ഉ.വിഹിതം) |
| ബിൽ നമ്പർ | 357/10.11.20 500000/-<br>488/17.02.21 125000/- |

ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ നാല് മാസം മുതൽ ആറ് മാസം പ്രായമായ കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിനായി ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുക എന്നതാണ് പ്രോജക്ട് ലക്ഷ്യം [സ.ഉ.(എം.എസ്)22/തസ്വഭവ തീയതി 14-02-2018 ഖണ്ഡിക 6.2 ക്രമ നമ്പർ 6]. കന്നുകുട്ടികളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പ് വരുത്തുവാനും പ്രോജക്ട് ലക്ഷ്യമിട്ടിരുന്നു. പ്രോജക്ട് ഫയലിൽ 625000 /-( വി. ഫണ്ട് സാധാരണം) രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി

ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം കന്നുകുട്ടികളുടെ ഇൻഷ്വറൻസ് സംബന്ധമായ രേഖകളൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിൻ പ്രകാരം( ഓഡിറ്റ് എൻക്വയറി 10 ) 449115.5 രൂപയുടെ വിനിയോഗസാക്ഷ്യ പത്രമാണ് ലഭ്യമാക്കിയത്.പദ്ധതിയുടെ ഭാഗമായി കാലിതീറ്റ വിതരണം നടത്തുന്നതിനായി ക്ഷീര സഹകരണ സംഘത്തെയാണ് തെരഞ്ഞെടുത്തത്. ക്ഷീര സഹകരണ സംഘം വഴി കാലിതീറ്റ വിതരണം നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമായില്ല.ആയത് ക്ഷീരസംഘവും എസ്.എൽ.ബി.പി വെറ്ററിനറി സർജനമാണ് സൂക്ഷിക്കുന്നത് എന്ന മറുപടിയാണ് ലഭിച്ചത്.

175884.5/- രൂപ വിനിയോഗിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം മറ്റ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-30 മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം

2020-21 വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി വളർത്തുമൃഗങ്ങളെ വാങ്ങി നൽകുന്ന 2 പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | പദ്ധതിയുടെ പേരും നമ്പരും | വകയിരുത്തിയ തുക | ചെലവ് വിവരം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | പശു വളർത്തൽ, 293/21 | വികസന ഫണ്ട് (ജനറൽ)-930000/-<br>ഗുണഭോക്തൃ വിഹിതം-930000/- | വികസന ഫണ്ട്-930000/- | 31 |
| 4 | ആട്ട വളർത്തൽ 154/21 | വികസന ഫണ്ട്(ജനറൽ)-400000/-<br>ഗുണഭോക്തൃ വിഹിതം-400000/- | വികസന ഫണ്ട്-360000/- | 45 |

സ.ഉ.(കൈ.)നം.22/2018/തസ്വഭവ തീയതി:14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ചെയർമാനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും, ഗുണഭോക്താക്കളിൽ നിന്ന് അഞ്ച് പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ/പക്ഷികളെ വാങ്ങേണ്ടതെന്നും പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ സമിതിയ്ക്ക് നേരിട്ടു വാങ്ങാമെന്നും പ്രായം, ഗുണനിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. അത്തരത്തിൽ സമിതി രൂപീകരിച്ചതിന്റെയും, വാങ്ങൽ നടത്തിയതിന്റെയും യാതൊരു രേഖകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഉരുക്കളെ വാങ്ങുന്നത് സംബന്ധിച്ച കാര്യങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിഗണിച്ചതിന്റെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമായില്ല.പ്രസ്തുത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 നുള്ള മറുപടിയിൽ മുൻ വർഷങ്ങളിൽ പർച്ചേസ് കമ്മറ്റി വാങ്ങി നൽകിയ ഉരുകളിൻമേൽ വ്യാപക പരാതി ഉയർന്നുവന്നതിനാൽ 2020-21വർഷത്തിൽ ഗുണഭോക്താക്കൾ നേരിട്ട് പൊതുചന്തകളിൽ നിന്നും മറ്റും വാങ്ങാൻ പർച്ചേസ് കമ്മറ്റി അംഗീകാരം നൽകിയിരുന്നതായും (20-03-21-ലെ തീരുമാനം) ആയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ രൊക്കം പണം നൽകി പൊതുചന്തകളിൽനിന്നും മറ്റും ഊരുകളെ വാങ്ങുകയും ആയതിന്റെ പ്രായം, ഗുണനിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയതായും അറിയിച്ചിരിക്കുന്നു.

വളർത്തുമൃഗങ്ങളെ വാങ്ങുന്നതിന് ആനുകൂല്യം ലഭിച്ചവർ ഭൂരിഭാഗം പേരും തന്നെ പഞ്ചായത്തിൽ തന്നെയുള്ള വ്യക്തികളിൽ നിന്നുമാണ് മൃഗങ്ങളെ വാങ്ങിയിട്ടുള്ളത്.ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിനുള്ള മറുപടിയിൽ ഗുണഭോക്താക്കൾ രൊക്കം പണം നൽകി പൊതുചന്തകളിൽനിന്നും മറ്റും ഊരുകളെ വാങ്ങിയതിനാൽ ഗുണഭോക്താക്കൾക്ക് സബ്സിഡി തുക ബാങ്കിൽ ലഭിച്ചാൽ എടുത്തുനൽകുമെന്ന് ഉറപ്പുള്ള ബന്ധുമിത്രാദികളുടെ അക്കൗണ്ടിലേക്കാണ് നൽകിയതെന്ന് അറിയിച്ചിരിക്കുന്നു. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല.

വളർത്ത് പക്ഷികളെയും മൃഗങ്ങളെയും വളർത്താനായി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാവരും നിർബന്ധമായും മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് ഇതിനായി നല്കുന്ന പരിശീലനങ്ങളിൽ പങ്കെടുത്ത് വിജയകരമായി പൂർത്തീകരിച്ചവരായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ അത്തരം പരിശീലനം

പൂർത്തിയാക്കിയതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. കോവിഡ് മൂലം പരിശീലനം നൽകാൻ കഴിഞ്ഞില്ലെന്ന മറുപടിയാണ് ലഭിച്ചത്.

പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്നതായിരിക്കണം മൃഗ സംരക്ഷണ ക്ഷീര വികസന പ്രോജക്ടുകളിലൂടെ ലക്ഷ്യമിടേണ്ടതെന്ന് സ.ഉ.(കൈ.)നം.11/2018/തസ്വഭവ തീയതി:29.01.18 പ്രകാരമുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വളർത്തുമൃഗങ്ങളെ വാങ്ങുന്നതിന് ആനുകൂല്യം ലഭിച്ചവർ എല്ലാവരും തന്നെ പഞ്ചായത്തിൽ തന്നെയുള്ള വ്യക്തികളിൽ നിന്നും മൃഗങ്ങളെ വാങ്ങിയത് മൂലം ഗ്രാമപഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ലെന്ന് മാത്രമല്ല പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തിനു പദ്ധതി ഉതകിയതുമില്ല. പഞ്ചായത്തിൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് ഇതിൽനിന്ന് വ്യക്തമാണ്. തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ സാധനങ്ങളുടെയും, സേവനങ്ങളുടെയും വാങ്ങൽ 8.11.2010 മുതൽ സർക്കാർ ഉത്തരവ് (പി) 259 / 2010 / ത.സ്വ.ഭ.വ. അനുസരിച്ചായിരിക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് നടപടികളിൽ സുതാര്യത പാലിച്ചുവെന്നും, ഗുണനിലവാരം, കാര്യക്ഷമത എന്നിവ വാങ്ങലിൽ പാലിച്ചുവെന്നും ഉറപ്പാക്കേണ്ടത് പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്. എന്നാൽ പ്രസ്തുത പദ്ധതി നടത്തിപ്പിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി നിഷ്ക്രിയമായാണ് പ്രവർത്തിച്ചത്. മേൽ വിഷയത്തിൽ വികസനകാര്യസ്റ്റാൻറിംഗ് കമ്മറ്റിയുടെയും ഭരണസമതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 ഹരിതകർമ്മസേന-വിശദാംശം ലഭ്യമാക്കിയില്ല,

ഹരിതകേരളം മിഷന്റെ ഭാഗമായ മാലിന്യ സംസ്കരണപ്രവർത്തനങ്ങൾ നടത്തേണ്ടത് ഹരിത കർമ്മസേനയുടെ ആഭിമുഖ്യത്തിലാണ്. ഹരിത കേരളം മിഷന്റെ ഉപദൗത്യമായ ശുചിത്വ മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഹരിതകർമ്മ സേനക്ക് യൂസർ ഫീ സംവിധാനം ഉറപ്പാക്കുന്നതു വരെ, ചെറിയ തോതിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് മാലിന്യ സംസ്കരണത്തിനായി വക മാറ്റി വച്ചിട്ടുള്ള തുകയിൽ നിന്നും നൽകാവുന്നതാണ്. 29.01.2018-ലെ സ.ഉ(കൈ)11/2018/ത.സ്വ.ഭ.വ പ്രകാരം മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട ആവർത്തന സ്വഭാവമുള്ള ചെലവുകൾക്ക് വേണ്ട വിഹിതം തനത് ഫണ്ടിൽ നിന്ന് കണ്ടെത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് നൽകുന്നതിനായി, 2020-21 വർഷത്തെ ചെലവു പത്രിക പ്രകാരം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി "ഹരിത കർമ്മസേന വയബിലിറ്റി ഗ്യാപ് ഫണ്ട് എന്ന പ്രോജക്ടിനായി" (നം.83)43100 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഹരിത കർമ്മ സേന സംരംഭകർ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനും ഹരിത സംരഭകർക്കുവേണ്ടി സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ സർക്കാരിതര ഏജൻസികളുമായുള്ള ഏകോപനം, ഹരിത സംരംഭകർക്കുള്ള വിഭവങ്ങളുടെ സമാഹരണം, വൈദഗ്ധ്യ പരിശീലനങ്ങൾ നൽകൽ, പരാതി പരിഹരിക്കൽ, ഹരിത ഉപകരണങ്ങളുടെ സമാഹരണവും വിതരണവും, കമ്മിറ്റി യോഗങ്ങൾ നടത്തൽ, കണക്കുകൾ സൂക്ഷിക്കൽ, സാമ്പത്തിക ഇടപാടുകൾ എന്നിവ ഹരിത കർമ്മ സേനാ കൺസോർഷ്യത്തിന്റെ ചുമതലയിൽപ്പെടുന്നു. അറ്റൻഡൻസ് രജിസ്റ്റർ, മിനിട്ട്സ് ബുക്ക്, ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. ഹരിത കൺസോർഷ്യത്തിന്റെ കണക്കുകൾ കൺസോർഷ്യം സെക്രട്ടറി എഴുതുകയും സമിതിയുടെ പൊതുയോഗത്തിൽ കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം ഹരിതകർമ്മസേനാ കൺസോർഷ്യം രൂപീകരിച്ചതിന്റെയും, വീടുകളിൽ നിന്നും,സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുക്കേണ്ട യൂസർഫീയുടെ നിരക്ക്, ആയത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെയും വിശദാംശവും ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നു. 2020-21 വർഷം ഹരിതകർമ്മസേന യൂസർ ഫീ ഇനത്തിൽ പിരിച്ചെടുത്ത തുകയുടെയും ആയത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെയും വിശദാംശം, ടി തുക പിരിച്ചെടുക്കാൻ ഹരിതകർമ്മസേനക്ക് രസീതുബുക്കുകൾ പ്രിന്റു ചെയ്തു നല്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ, ക്യാഷ് ബുക്ക് എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല.ടി രേഖകൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-32 ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി ഈടാക്കി

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയും 2020-2021 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അങ്കണവാടികളിൽ കിലോഗ്രാമിന് 70/-രൂപ നിരക്കിൽ അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്തത് ഗ്രാമ്യ ന്യൂട്രിമിക്സ്, കാച്ചാണി, കരകുളം യൂണിറ്റാണ്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം. 12/2017- Central Tax (Rate) ലെ ക്രമ നം. 66 ക്ലോസ് (B) (li) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അങ്കണവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങൾക്ക് ജി.എസ്.ടി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ 17.6.2021ലെ 149/05/2021നമ്പർ സർക്കുലറിൽ സർക്കാർ സഹായത്തോടെയോ സംഭാവനകൾ വഴിയായോ ഉള്ള, അങ്കണവാടികൾ ഉൾപ്പടെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ഭക്ഷണവിതരണ പരിപാടികൾക്ക്

ജി.എസ്.ടി ബാധകമല്ല എന്നകാര്യം സ്പഷ്ടീകരിച്ചിട്ടുണ്ട്. എന്നാൽ നിർമ്മാണ യൂണിറ്റ് നൽകിയ ബില്ലിൽ അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി കൂടി ചുമത്തിയിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | ന്യൂട്രിമിക്സിന്റെ ബിൽ നം. | ന്യൂട്രിമിക്സിന്റെ വില | ജി.എസ്.ടി ഉൾപ്പെടെ ഉള്ള വില | ചെലവ് വിവരം |
|---|---|---|---|---|
| 1 | 008 തീയതി, 13.03.20 | 140490/- | 147514.5 | ബിൽ 139/25.05.20 474970/- |
| 2 | 012 തീയതി, 15.04.20 | 144690/- | 151925.5 | ബിൽ 139/25.05.20 474970/- |
| 3 | 018തീയതി, 19.05.20 | 155190/- | 162949/- | ബിൽ 139/25.05.20 474970/- |
| 4 | 024തീയതി, 17.06.20 | 161910/- | 170005/- | ബിൽ 176/25.06.20 481874/- |
| 5 | 032തീതി, 21.07.20 | 166740/- | 175077/- | ബിൽ 213/06.08.20 436537/- |
| 6 | 037തീയതി, 17.08.20 | 173040/- | 181692/- | ബിൽ 253/3.09.20 191400/- |
| 7 | 045തീയതി, 17.09.20 | 172200/- | 180810/- | ബിൽ 317/08.10.20 473788/- |
| 8 | 050തീയതി, 14.10.20 | 174090/- | 182795/- | Central Share 342/5.11.20 187944/- |
| 9 | 056തീയതി, 19.11.20 | 167880/ | 175959/- | Central Share 405/5.01.21 681199/- |
| 10 | 063തീയതി, 18.12.20 | 157920/- | 165816/- | Central Share 405/5.01.21 681199/- |
| 11 | 069തീയതി, 18.01.21 | 168420/- | 176841/- | Central Share 536/12.03.21 588241/- |

| | | | | |
|---|---|---|---|---|
| 12 | 080തീയതി, 23.02.21 | 41230 | 43291/- | Central Share 536/12.03.21 588241/- |
| 13 | 073 തീയതി, 23.02.21 | 129500 | 135975/- | ബിൽ 580/26.03.21 139675/- |

വനിതാ ശിശുവികസന ഡയറക്ടറുടെ 18.8.21 ലെ കത്തിൽ ഈ വിഷയത്തിൽ കൂടുതൽ സ്പഷ്ടീകരണം ലഭ്യമാകുന്നതുവരെ ജി.എസ്.ടി നൽകാമെന്ന് പറഞ്ഞിട്ടുള്ളതിനാലാണ് തുക നൽകിയത് എന്നാണ് ഓഡിറ്റ് എൻക്വയറി നം. 32 ന് ലഭിച്ച മറുപടി. സ്പഷ്ടീകരണം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 ആയുർവേദ ആശുപത്രിക്ക മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാകാൻ കാലതാമസം

പദ്ധതി നമ്പർ : 184

പദ്ധതിയുടെ പേര് : ആയുർവേദ ആശുപത്രിക്ക മരുന്ന് വാങ്ങൽ

അടങ്കൽ തുക : 8,00,000/-

ചെലവ് തുക : 8,00,000/-

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്

നിർവ്വഹണ ഉദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ, ആയുർവ്വേദം

06.11.2020 ൽ 8 ലക്ഷം രൂപ നൽകിയെങ്കിലും ചുവടെ വിവരിക്കും പ്രകാരം 27.10.2021 ന് മാത്രമാണ് മരുന്നുകൾ ഔഷധിയിൽ നിന്നും പൂർണമായി ലഭ്യമായിരിക്കുന്നത്. മരുന്നുകൾ ലഭ്യമാകുന്നതിന് ഏകദേശം ഒരു വർഷത്തെ കാലതാമസമുണ്ടായി.

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 01 | 90205049 | 30.03.2021 | 3,99,590/- |
| 02 | 90205983 | 31.03.2021 | 49,152/- |
| 03 | 90210074 | 31.05.2021 | 58,773/- |
| 04 | 90214597 | 30.06.2021 | 19,942/- |
| 05 | 90214655 | 30.06.2021 | 1,22,301/- |
| 08 | 90157389 | 29.07.2021 | 99,263/- |
| 12 | 90221731 | 27.08.2021 | 20,613/- |
| 13 | 90229284 | 27.10.2021 | 15,923/- |
| 14 | 90225447 | 24.09.2021 | 14,443/- |
| | ആകെ | | 8,00,000/- |

2. പദ്ധതി നമ്പർ : 183

പദ്ധതിയുടെ പേര്: വനിത ക്ലിനിക്ക് ( ആയുർവേദം)-സ്ത്രീ രോഗങ്ങളും പ്രസൂതി രക്ഷയും

അടങ്കൽ തുക : 2,00,000/-

ചെലവ് തുക : 2,00,000/-

ഫണ്ടിനം : വികസന ഫണ്ട്

06.11.2020 ൽ 2 ലക്ഷം രൂപ നൽകിയെങ്കിലും ചുവടെ വിവരിക്കും പ്രകാരം 30.06.2021 ന് മാത്രമാണ് മരുന്നുകൾ ഔഷധിയിൽ നിന്നും പൂർണമായി ലഭ്യമായിരിക്കുന്നത്.

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 01 | 90205057 | 30.03.2021 | 1,18,712/- |
| 02 | 90206043 | 31.03.2021 | 3,229/- |
| 03 | 90209870 | 31.05.2021 | 77,142/- |
| 04 | 90214458 | 30.06.2021 | 918/- |
| | ആകെ | | 2,00,001/- |

3. പദ്ധതി നമ്പർ : 168

പദ്ധതിയുടെ പേര് : രോഗ പ്രതിരോധ ക്ലിനിക്ക് ( ആയുർവേദം)

അടങ്കൽ തുക : 2,00,000/-

ചെലവ് തുക : 2,00,000/-

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ, തീയതി, തുക :

06.11.2020ൽ 2 ലക്ഷം രൂപ നൽകിയെങ്കിലും ചുവടെ വിവരിക്കും പ്രകാരം 28.07.2021 ന് മാത്രമാണ് മരുന്നുകൾ ഔഷധിയിൽ നിന്നും പൂർണമായി ലഭ്യമായിരിക്കുന്നത്.

| ക്രമ നമ്പർ | ബിൽ നമ്പർ | തീയതി | തുക |
|---|---|---|---|
| 01 | 90205048 | 30.03.2021 | 49,311/- |
| 02 | 90205985 | 31.03.2021 | 26,625/- |
| 03 | 90209667 | 31.05.2021 | 98,092/- |
| 04 | 90214457 | 30.06.2021 | 18,378/- |
| 05 | 90218200 | 28.07.2021 | 7,594/- |
| | ആകെ | | 2,00,000/- |

4. പദ്ധതി നമ്പർ : 182

പദ്ധതിയുടെ പേര് : കരകുളം എൻ.ആർ.എച്ച്.എം.ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക : 8,00,000/-

ചെലവ് തുക : 8,00,000/-

ഫണ്ടിനം : മെയിന്റനൻസ് ഫണ്ട്

04.11.2020 ൽ 8 ലക്ഷം രൂപ നൽകിയെങ്കിലും ചുവടെ വിവരിക്കും പ്രകാരം 31.05.2021 ന് മാത്രമാണ് മരുന്നുകൾ ഔഷധിയിൽ നിന്നും പൂർണമായി ലഭ്യമായിരിക്കുന്നത്.

| ക്രമ നം. | ബിൽ നം. | തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|---|
| 01 | 90190479 | 30.11.2020 | 1,61,096/- | 18.12.2020 |
| 02 | 90193750 | 31.12.2020 | 13,524/- | 25.07.2021 |
| 03 | 90193869 | 31.12.2020 | 32,391/- | 25.01.2021 |
| 04 | 90196710 | 29.01.2021 | 79,049/- | 18.04.2021 |

| | | | | |
|---|---|---|---|---|
| 05 | 90200521 | 27.02.2021 | 3,780/- | 18.04.2021 |
| 06 | 90204317 | 26.03.2021 | 16,599/- | 18.04.2021 |
| 07 | 90204863 | 29.03.2021 | 66,126/- | 18.04.2021 |
| 08 | 90204186 | 25.03.2021 | 1,98,034/- | 26.03.2021 |
| 09 | 90209673 | 31.05.2021 | 83,975/- | 23.08.2021 |
| 10 | 90218199 | 28.07.2021 | 4,734/- | 31.07.2021 |
| 11 | 90218314 | 29.07.2021 | 63,830/- | 31.07.2021 |
| 12 | 90214456 | 30.06.2021 | 4,851/- | 13.07.2021 |
| 13 | 90214391 | 29.06.2021 | 18,354/- | 13.07.2021 |
| 14 | 90210036 | 31.05.2021 | 53,657/- | 23.06.2021 |
| | ആകെ | | 8,00,000/- | |

ഔഷധിയുമായുള്ള കരാറിലെ ഒന്നാമത്തെ നിബന്ധന പ്രകാരം മരുന്നുകളുടെ വില നൽകി 60 ദിവസത്തിനകം മരുന്നുകൾ പൂർണ്ണമായി വിതരണം ചെയ്യുമെന്ന് പറയുന്നുണ്ട്. മരുന്നുകൾ ലഭ്യമാകാൻ ഇത്രയധികം കാലതാമസം വന്നതിന്, മരുന്ന് വിതരണക്കാർക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം - 19/ 2022, തീയതി:14.03.2022) പല പ്രാവശ്യം മരുന്നുകൾ ആവശ്യപ്പെട്ടെങ്കിലും ലഭ്യമായില്ലെന്ന് മറുപടി നൽകി. ജീവൻ രക്ഷാ മരുന്നുകൾ താമസംവിനാ ലഭ്യമാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 ടി ആർ 7 എ ക്യാഷ് ബുക്ക് പരിപാലിക്കുന്നില്ല.

കേരള ട്രഷറി കോഡ് വാല്യം Iആർട്ടിക്കിൾ 92(എ) പ്രകാരം സർക്കാരിന് വേണ്ടി പണം സ്വീകരിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും TR-7A ഫോറത്തിൽ ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതാണ്. ക്യാഷ് ബുക്കിന്റെ ആദ്യ പേജിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതും എല്ലാ പണമിടപാടുകളും ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും കൃത്യമായി ക്ളോസ് ചെയ്യേണ്ടതുമാണ്. എന്നാൽ കൃഷി ഓഫീസർ പരിപാലിക്കുന്ന കാഷ് ബുക്ക് നിർദ്ദേശിക്കപ്പെട്ട മാതൃകയിലല്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 16/14.03.2022)ക്ക് മേൽ അപാകത പരിഹരിച്ച് TR-7A ഫോറത്തിൽ പരിപാലിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

## 1-35 പാഥേയം പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-541440/- രൂപയുടെ ചെലവ് തടസ്സം

പ്രോജക്ട് നമ്പർ-103/21

പേര്-പാഥേയം പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ട്/അടങ്കൽ തുക- വികസന ഫണ്ട്. (ജനറൽ)/591440/-

ചെലവ്തുക -541440/- .

ബിൽ നം./തീയതി -144/29.05.20

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പാഥേയം പദ്ധതി നടത്തിപ്പിനായി പ്രകാരം വികസന ഫണ്ട് (ജനറൽ)ൽനിന്നും 541440/- രൂപ തിരുവനന്തപുരം കുടുംബശ്രീ ജില്ലാ മിഷന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 33/17.03.22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സാഹചര്യത്തിൽ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ 541440/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 ജനകീയ ഹോട്ടൽ -സർക്കാർ മാർഗരേഖ പ്രകാരമുള്ള ചെലവുകൾ നടത്തേണ്ടതാണ്.

പ്രോജക്ട് നമ്പർ/പേര് -201/21 (സർക്കാർ പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ വിശപ്പുരഹിത കേരളം ജനകീയ ഹോട്ടൽ പ്രാവർത്തികമാക്കുന്നതിനുള്ള പ്രോജക്ടുകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് സെക്രട്ടറി

ഫണ്ടിനം/അടങ്കൽ തുക – വികസന ഫണ്ട്(ജനറൽ)/200000/-

ചെലവ് തുക -9900/-

ബിൽ നം./തീയതി-252/28.08.2020

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 06.03.2020 ലെ സ.ഉ.(കൈ)നം.45/2020/ത.സ്വ.ഭ.വ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2020-21 വാർഷിക പദ്ധതിയുടെ ഭാഗമാക്കേണ്ട പന്ത്രണ്ടിന പരിപാടി നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഖണ്ഡിക 1.3, 1.4 എന്നിവ പ്രകാരം കെട്ടിടത്തിന്റെ വാടക, വൈദ്യുതി ചാർജ്ജ്, വാട്ടർചാർജ് എന്നിവ ഗ്രാമപഞ്ചായത്ത് വഹിക്കാവുന്നതാണ്. എന്നാൽ വികസന ഫണ്ട് (ജനറൽ)ൽ നിന്നും 200000/- രൂപ അടങ്കൽ വകയിരുത്തിയ മേൽ പ്രോജക്ടിൽ നിന്നും ജനകീയ ഹോട്ടൽ സംരംഭകയായ ശ്രീമതി ഷൈലജയുടെ പേരിന് ഗ്യാസ് സിലിണ്ടർ വാങ്ങുന്നതിനായി 9900/- രൂപ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.പ്രസ്തുത മാർഗരേഖയുടെ ഖണ്ഡിക 1.1 മുതൽ 1.16 വരെ വിശപ്പുരഹിത കേരളം-ജനകീയഹോട്ടൽ നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ഫണ്ട് പൂർണ്ണമായും ഉപയോഗിക്കാതെ ലാപ്സായി പോകുന്ന സാഹചര്യമാണുണ്ടായത് . ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 33/17.03.22)ക്ക് മറുപടിയിൽ ആരംഭകാലത്ത് ഉചിതമായ കെട്ടിടങ്ങൾ ലഭിക്കാത്തത് കാരണം കരകുളം യു പിഎസിൽ ആഹാരം പാക്ക് ചെയ്ത് സബ്സിഡി നിരക്കിൽ ജനങ്ങൾക്ക് നൽകുകയാണ് ചെയ്തതെന്ന് പറയുന്നു.എന്നാൽ പ്രസ്തുത പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനയ്ക്കായി ലഭ്യമാക്കിയ പദ്ധതി ഫയലിൽ ലഭ്യമായിരുന്നില്ല.

ജനകീയ ഹോട്ടൽ പ്രവർത്തനം നിർത്തലായേക്കാവുന്ന സാഹചര്യത്തിൽ കുടുംബശ്രീ യൂണിറ്റിന്റെ അപേക്ഷയിന്മേൽ പഞ്ചായത്ത് കമ്മിറ്റിയുടെ അനുമതിയോടെയാണ് ഗ്യാസ് സിലിണ്ടർ വാങ്ങുന്നതിനായി ചെലവ് ചെയ്തിട്ടുള്ളതെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പ്രോജക്ട് നിർവ്വഹണം നടത്തേണ്ടതാണ്.

## 1-37 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ -രേഖകളുടെ അഭാവത്തിൽ 651375/- രൂപയുടെ ചെലവ് തടസ്സം

1) പ്രോജക്ട് നം-219/21

പേര്-എസ്.സി വയോജനങ്ങൾക്ക് കട്ടിൽ

ഫണ്ടിനം - വികസന ഫണ്ട് എസ്.സി.പി

അടങ്കൽ -217500

ചെലവ് -217125

ബിൽ നം./തീയതി-342/21.10.2020

2) പ്രോജക്ട് നം-218/21

പേര്-വയോജനങ്ങൾക്ക് കട്ടിൽ വാങ്ങൽ

ഫണ്ടിനം-വികസന ഫണ്ട് ജനറൽ

അടങ്കൽ-435000

ചെലവ്-434250

ബിൽ നം. 35/തീയതി 01/11/2020

2020-21-ൽ വയോജനങ്ങൾക്ക് കട്ടിൽ വാങ്ങുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി മേൽപ്പറഞ്ഞ 2 പ്രോജക്ടുകളുമാണ് നടപ്പിലാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ 2 പ്രോജക്ടുകൾക്കുമായി 225(75+150) കട്ടിലുകൾ വാങ്ങുന്നതിനായി RK Industries, Mukkampalamoodu, Naruvamoodu, എന്ന സ്ഥാപനത്തിന്റെ Tender അംഗീകരിക്കുകയും പ്രസ്തുത സ്ഥാപനത്തിൽ നിന്നും ഒരു കട്ടിലിന് 2895/- രൂപ എന്ന നിരക്കിൽ ഇരുപദ്ധതികൾക്കുമായി 225 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ടെണ്ടർ സമർപ്പിച്ച് ,സാമ്പിൾ ഹാജരാക്കിയ സ്ഥാപനങ്ങളുടെ കട്ടിലുകളുടെ ഗുണനിലവാരം പരിശോധിച്ച് ബോധ്യപ്പെട്ടതായുള്ള വനം വകുപ്പിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല

2. Tender ക്ഷണിച്ചപ്പോൾ പറഞ്ഞിട്ടുള്ള Specificationനിലുള്ള സാധനം തന്നെയാണോ വിതരണം ചെയ്തിട്ടുള്ളത് എന്ന് പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. സ്ഥാപനത്തിന്റെ Tax Invoice ൽ Single Cot എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. RK Industries മായി ഏർപ്പെട്ട അന്തിമകരാറിന്റ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

4. SO 218/21 പദ്ധതി പ്രകാരം വാങ്ങിയ 150 കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധിച്ചതിൽ 147 പേർക്ക് കട്ടിൽ വിതരണം ചെയ്തതിന്റെ രേഖകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 33/17.03.22)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സാഹചര്യത്തിൽ കൃത്യമായ മറുപടിയുടെയും രേഖകളുടെയും അഭാവത്തിൽ മേൽ പറഞ്ഞ രണ്ടു പദ്ധതികൾക്കുമായി ചെലവഴിച്ച 651375/-(217125 + 434250)രൂപ രേഖകൾ ഹാജരാക്കുന്നതുവരെ തടസ്സപ്പെടുത്തുന്നു.

## 1-38 "പട്ടികജാതി വിഭാഗകാർക്ക് PVC 3 ലെയർ കുടിവെള്ള സംഭരണ ടാങ്ക്"പദ്ധതി -2600/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | SO 217/21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.സെക്രട്ടറി. |
| പേര് | പട്ടികജാതി വിഭാഗകാർക്ക് PVC 3 ലെയർ കുടിവെള്ള സംഭരണ ടാങ്ക് |
| അടങ്കൽ /ഫണ്ട് SCP<br>ഗുണഭോക്തൃ വിഹിതം | 148500<br>49500<br>198000 |
| ചെലവ് SCP<br>ഗുണഭോക്തൃ വിഹിതം | 112500<br>37500<br>150000 (ബിൽ നം. 268/തീയതി 7/9/20 |

മേൽ പ്രോജക്ട് പ്രകാരം സെൽസർ പോളിമേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും 2600/- രൂപ നിരക്കിൽ 60 വാട്ടർ ടാങ്കുകൾ വാങ്ങുകയും 150000/-രൂപ പ്രസ്തുത സ്ഥാപനത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്. വാങ്ങിയ വാട്ടർ ടാങ്കുകൾ സ്റ്റോക്കിലെടുത്തതിന്റെയും, വിതരണം ചെയ്തതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ, വിതരണ രജിസ്റ്റർ എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

സപ്ലൈ ഓർഡറിൽ 10 വർഷത്തിൽ കുറയാത്ത ഗ്യാരണ്ടിയുള്ള വാട്ടർ ടാങ്ക് എന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ലഭ്യമായ സാധനങ്ങളുടെ ഗ്യാരണ്ടി സംബന്ധിച്ച രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. സെൽസർ പോളിമേഴ്സുമായി കരാർ വെച്ചിട്ടില്ല. വാങ്ങിയ സാധനങ്ങളുടെ ഗുണമേന്മ പരിശോധിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

നിലവിൽ ടാങ്ക് ഉള്ളവർക്കും, ഒരിക്കൽ നൽകിയവർക്കും നൽകാൻ പാടില്ല എന്ന് സ.ഉ(ക്രൈ നം.22/2018/ തസ്വഭവ തിരുവനന്തപുരം, തീയതി 14.02.2018, ഖണ്ഡിക 6.6(5) ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ടാങ്ക് ഇല്ലാത്തവരാണ് 60 ഗുണഭോക്താക്കളും സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല..ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.17/14.03.22)ന് ടാങ്ക് ഇല്ലാത്തവർക്കാണ് ആനുകൂല്യം നൽകിയതെന്ന് നേരിട്ട് പരിശോധിച്ച് ഉറപ്പാക്കിയിട്ടുണ്ടെന്ന്

മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

60 ഗുണഭോക്താക്കളുടേയും ലിസ്റ്റിൽ 59 പേർ കൈപ്പറ്റിയതായി രേഖപ്പെടുത്തൽ വരുത്തിയിട്ടുണ്ട്. എന്നാൽ ശ്രീ.സെൽവകുമാർ. N.F, (വാർഡ് 14) കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം 17/14.03.22)ക്ക് ടിയാൾക്ക് ടാങ്ക് നൽകി കൈപ്പറ്റ് രസീത് വാങ്ങി ഫയലിൽ സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.മേൽ സാഹചര്യത്തിൽ ഒരു ടാങ്കിന്റെ വിലയായ 2600/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയൊഗം

| | 19-20 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21RP – 7, RP31പ്രകാരം വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 20-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് വിഹിതം | 1870334 | 1321221 | 3191555 | 1321221 | 1870334 | 1870334 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 3400 | 3247450 | 3250850 | 3247450 | 3400 | 3400 |

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1321221 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 712500 | ഇല്ല |
| | | | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 250000 | |
| | | | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 358721 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 3247450 | ലൈഫ് ഗുണഭോക്താക്കൾക്ക് ആനുപാതിക വിഹിതം നൽകൽ(SCP) | 548200 | |
| | | | ലൈഫ് ഗുണഭോക്താക്കൾക്ക് ആനുപാതിക വിഹിതം നൽകൽ(general) | 1280000 | |

| | | |
|---|---|---|
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 712500 |
| | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 606750 |
| | ക്ഷീരസമൃദ്ധി പാലിന് സബ്സിഡി | 100000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയതുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാലൻസ് തുക |
|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | കരകുളം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(93/21) | 352783 | 0 | 352783 |
| കേരളാ വാട്ടർ അതോറിറ്റി | കരകുളം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ(325/21) | 6750818 | 0 | 6750818 |
| കേരളാ വാട്ടർ അതോറിറ്റി | ജലജീവൻ മിഷൻ ഗാർഹിക കുടിവെള്ള പദ്ധതി(328/21) | 1590000 | 0 | 1590000 |
| കേരളാ വാട്ടർ അതോറിറ്റി | കുമ്മി വാട്ടർ ട്രീറ്റ്മെന്റ് പ്ളാന്റിലെ 2ലക്ഷം ലിറ്റർ പമ്പിന്റെ നിർമ്മാണം(347/21) | 7500000 | 0 | 7500000 |
| ആകെ | | 16193601 | 0 | 16193601 |
| കെ.എസ്.ഇ.ബി | കരകുളം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ വൈദ്യുതി ലൈൻ നീട്ടൽ(23/21) | 3179025 | 0 | 3179025 |
| കെ.എസ്.ഇ.ബി | കരകുളം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ വൈദ്യുതി ലൈൻ ലൈൻ നീട്ടൽ(135/21) | 1396950 | 0 | 1396950 |
| ആകെ | | 4575975 | 0 | 4575975 |

| | 2019-20 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2020-21വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | നീക്കിയിരിപ്പ് | 2020-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 8892499 | 4575975 | 13468474 | 0 | 13468474 | 13468474 |
| വാട്ടർ അതോറിറ്റി | 2987625 | 16193601 | 19181226 | 0 | 19181226 | 19181226 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | ലഭ്യമല്ല | 52120000 | 50333236 | 5759256 | 44573980 |

സ്ഥാപനം ലഭ്യമാക്കിയ മേൽ വിവരങ്ങൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 4,92,52,816 |
| ഓഡിറ്റ് വർഷത്തെ വരവ് | 16,88,37,596 |
| ആകെ | 21,80,90,412 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 16,54,32,610 |
| നീക്കിയിരിപ്പ് | 5,26,57,802 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1371299.50 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗ പേരും |
|---|---|---|
| 1-29 | 175884.50 | മേരി വിനി ഏഞ്ചൽ,വെറ്ററിനറി സർജൻ |
| 1-35 | 541440.00 | അജിത്ത്കുമാർ എ.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-37 | 651375.00 | അജിത്ത്കുമാർ എ.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-38 | 2600.00 | അജിത്ത്കുമാർ എ.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 1371299.50 | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അജിത്ത്കുമാർ എ.ആർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | ആയില്യം, ഹൈസ്കൂൾ ജംഗ്ഷൻ, കരകുളം |
| മേരി വിനി ഏഞ്ചൽ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ | ഏഞ്ചൽസ്, എവർഗ്രീൻ ലെയിൻ, കൊടുങ്ങാനൂർ.പി.ഒ |

## 4-10 തീർപ്പാക്കൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1189/2018 തീ.25/5/18 | 1 |
| 2005-06 | | 2 |
| 2006-07 | | 1 |
| 2009-10 | | 1 |
| 2010-11 | | 2 |
| 2011-12 | | 3 |
| 2012-13 | | 7 |
| 2013-14 | | 8 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1189/2018 തീ.25/5/18 | 17 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1997/2018 തീ.18/9/18 | 12 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1680/2017 തീ.30/1/18 | 3 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/2426/2018 തീ.2/7/19 | 23 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/343/2020 തീ.26/05/2020 | 38 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.6/947/2021 തീ.2/07/2021 | 40 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്